Uncorrected / Not for publication

## സബ്മിഷൻ

## പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ

ശ്രീ. ടി. എൻ. പ്രതാപൻ: സർ, നമ്മുടെ സംസ്ഥാനത്ത് ലക്ഷക്കണക്കിന് വരുന്ന കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷൻകാരുടെ വിവിധ ആവശ്യങ്ങളാണ് ഞാൻ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ വളരെ വിശദമായി രേഖാമൂലം സ്പീക്കർ മുഖാന്തിരം ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയിട്ടുണ്ട്. അതുകൊണ്ട് അതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. ആ കാര്യങ്ങളോട് അനുഭാവപൂർവ്വമായ ഒരു സമീപനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി സ്വീകരിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്. അതുകൂടാതെ സംസ്ഥാനത്തെ പെൻഷൻകാരുടെ സംസ്ഥാന സംഘടനാ നേതാക്കന്മാരുമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു ചർച്ച കൂടി വിളിച്ചുചേർക്കണം. കാരണം അവർ നിരന്തരമായി സെക്രട്ടേറിയറ്റ് മാർച്ചുകളും കളക്ടറേറ്റ് മാർച്ചുകളുമൊക്കെ നടത്തിവരികയാണ്. ലക്ഷക്കണക്കിന് വരുന്ന അവരുടെ വികാരങ്ങളും ആവശ്യങ്ങളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ചർച്ച ചെയ്യുവാനുള്ള ഒരവസരം കൂടി ഉണ്ടാക്കണം. മറ്റ് കാര്യങ്ങളൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിക്കൊടുത്തിട്ടുള്ളതുകൊണ്ട് ഈ സബ്മിഷൻ ചുരുക്കി അവതരിപ്പിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷൻകാരുടെ പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ അവതരിപ്പിച്ചത്. ഗവൺമെന്റിനെ സേവിച്ച് അവരുടെ നല്ല പ്രവർത്തനം സംസ്ഥാനത്തിന് നൽകിയവർക്ക് പെൻഷൻ കൊടുക്കുക എന്ന് പറയുന്നത് സമൂഹത്തിന്റെ കടമയാണ്. ആ പൂർണ്ണ ബോധ്യത്തോടുകൂടിയാണ് ഈ പ്രശ്നത്തെ ഗവൺമെന്റ് കാണുന്നത്. പക്ഷെ പെൻഷൻ ബാധ്യത ക്രമാതീതമായി വർദ്ധിക്കുന്നത് നമ്മളെ ആശങ്കപ്പെടുത്തുന്നുണ്ട്. 2001-2002-ൽ നമുക്കുണ്ടായിരുന്ന ബാധ്യതയുടെ നാലിരട്ടിയായി വർദ്ധിച്ചു 2012-2013-ൽ. അതൊരു ആശങ്ക ഉളവാക്കുന്ന കാര്യമാണ്. ആ സാഹചര്യത്തിലാണ് പങ്കാളിത്ത പെൻഷനെക്കുറിച്ച് ആലോചിക്കേണ്ടിവന്നത്. പെൻഷൻകാർക്കുവേണ്ടി ഒരു പ്രത്യേക ചികിത്സാ പദ്ധതി അവർ വർഷങ്ങളായി ആവശ്യപ്പെടുന്നതാണ്. അങ്ങനെയൊരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്ന കാര്യം ധനകാര്യ വകുപ്പ് പരിശോധിച്ചുവരികയാണ്. പെൻഷൻകാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന സാമ്പത്തിക ബാധ്യത, മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരത്തിൽ ഏതെങ്കിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിൽ നടപ്പിലാക്കിയ രീതി തുടങ്ങിയ വിവിധ വിഷയങ്ങൾ സംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സംസ്ഥാന ഇൻഷ്വറൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പല ആവശ്യങ്ങൾ പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് തുറന്ന

മനസ്സോടുകൂടി ആ കാര്യങ്ങളൊക്കെ ചർച്ച ചെയ്യാൻ തയ്യാറാണ്. പെൻഷൻകാർ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ ചർച്ച ചെയ്യുന്നതിനു വേണ്ടി ഗവൺമെന്റ് അവരുടെ സംഘടനാ നേതാക്കന്മാരുടെ യോഗം വിളിച്ചുകൂട്ടുന്നതാണെന്ന് കൂടി പറയുന്നു.

**ശ്രീജിത്തിന്റെ മൃതദേഹത്തോട് കാണിച്ച അനാദരവ്**

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ലാൻസ്നായിക് ശ്രീജിത്തിന് സൈനിക ബഹുമതി നിഷേധിച്ചുകൊണ്ടുള്ള ഒരു സംസ്കാര ചടങ്ങ് എന്റെ മണ്ഡലത്തിൽ നടന്നു. അതിനെ സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. ബാലുശ്ശേരി മണ്ഡലത്തിലെ നിവാസികളുടെ കണ്ണുനീരിനൊപ്പം പ്രതിഷേധാഗ്നിയും ജ്വലിച്ചുനിന്ന അന്തരീക്ഷത്തിലാണ് പ്രിയപ്പെട്ട സൈനികന്റെ അന്ത്യോപചാര ചടങ്ങുകൾ നടന്നത്. അത് വളരെ മോശമായിപ്പോയി. ഉത്തരാഖണ്ഡിന്റെ വടക്കേ അതിർത്തിയിൽ ഒരു ട്രക്ക് അപകടത്തിലാണ് 12 വർഷം കാലം സേവനം അനുഷ്ടിച്ച ലാൻസ്നായിക് ശ്രീജിത്ത് ചരമമടയുന്നത്. 1447 ബിസിസി ഗ്രിഫ് കമ്പനി കമാന്റിംഗ് ആഫീസർ ശ്രീ. പ്രമോദുമായി ബന്ധപ്പെട്ടപ്പോൾ ഡിസംബർ മാസം 3-ാം തീയതി ഭൗതീകശരീരം കോഴിക്കോട് കരിപ്പൂർ വിമാനത്താവളത്തിലെത്തുമെന്ന് പറഞ്ഞിരുന്നു. കോഴിക്കോട് എം.പി.യുമായി സംസാരിച്ചിരുന്നു. ദേശീയ പതാക പുതപ്പിച്ച് കൊണ്ടുവന്ന ആ ഭൗതീക ശരീരം ഏറ്റുവാങ്ങാൻ എം.എൽ.എ.യും അവിടത്തെ പഞ്ചായത്ത് പ്രസിഡന്റുമാരും എ.ഡി.എം. അടക്കമുള്ള ഉദ്യോഗസ്ഥരുമെല്ലാം എത്തിയെങ്കിലും ഒരനാഥ ശവംപോലെയാണ് ത്രിവർണ്ണപതാക പുതപ്പിച്ചുകൊണ്ടുള്ള ഭൗതീകശരീരം എത്തിയത്. അവസാനം ജില്ലാ അധികൃതരാണ് ഒരു ആംബുലൻസ് ഏർപ്പാട് ചെയ്തത്. വളരെ

ആകാംക്ഷയോടെ ആ മണ്ഡലത്തിലെ ആളുകൾ മുഴുവൻ ആ ചെറുപ്പക്കാരന്റെ ദാരുണമായ വേർപാടിൽ അന്ത്യോപചാരമർപ്പിക്കാൻ എത്തിയപ്പോൾ കണ്ടത് ആരുടേയും അകമ്പടിയില്ലാതെ ഒരനാഥശവം കൊണ്ടുവരുന്നതുപോലെയുള്ള ഒരു പ്രതീതിയാണ്. ഇതിനെക്കുറിച്ച് വിശദമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും കേന്ദ്രമന്ത്രി ശ്രീ. എ. കെ. ആന്റണിക്കും ഞാൻ എഴുതിയിട്ടുണ്ട്. കൂടുതൽ സംസാരിക്കുന്നില്ല. കണ്ണൂരിൽ ഫോൺ ചെയ്തപ്പോൾ സൈനികർ പുറപ്പെട്ടു എന്നാണ് പറഞ്ഞത്. കുറേയധികം ഗ്രാമവാസികൾ അവിടെ കാത്തുനിന്നുവെങ്കിലും ഒരു സൈനികൻപോലും വന്നില്ല. സൈനിക ബഹുമതികളോടെയുള്ള അന്ത്യോപചാരച്ചടങ്ങിൽ പങ്കെടുക്കാനെത്തിയ ജനപ്രതിനിധികൾ, രാഷ്ട്രീയ നേതാക്കൾ, പൗരമുഖ്യർ, ഉദ്യോഗസ്ഥർ, ഗ്രാമവാസികൾ തുടങ്ങിയ എല്ലാപേരേയും നിരാശപ്പെടുത്തുക മാത്രമല്ല ഒരു പ്രതിഷേധം തന്നെ അവിടെയുണ്ടായി. ഈ കാണിച്ച അനാദരവ് പൊറുക്കാവുന്നതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും കേന്ദ്രമന്ത്രി ശ്രീ. എ. കെ. ആന്റണിയുടെയും ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ഇതുവരെയാതൊരു മറുപടിയും കിട്ടിയിട്ടില്ല. ഇനിയിപ്പോൾ ബഹുമതിയോടുകൂടി ചടങ്ങ് നടത്താൻ കഴിയില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ആ കുടുംബത്തിന് എത്രയും വേഗം സഹായം എത്തിക്കുകയും അവർക്ക് ഒരു കത്തെഴുതാനെങ്കിലും തയ്യാറാകണം എന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പ്രകടിപ്പിച്ച വികാരം ഗവൺമെന്റും ഉൾക്കൊള്ളുകയാണ്. ഇത് സംബന്ധിച്ച പരാതി മെമ്പർ പറഞ്ഞിരുന്നു, പത്രത്തിൽ കണ്ടിരുന്നു, ശ്രീജിത്തിന്റെ വീട്ടിൽ നിന്ന് എന്നെ വിളിച്ചിരുന്നു. അദ്ദേഹം കൃത്യനിർവ്വഹണത്തിനിടയിലാണ് ഒരു വാഹനാപകടത്തിൽ മരിച്ചത്. ഭൗതിക ശരീരം കരിപ്പൂർ എയർപോർട്ടിൽ കൊണ്ടുവന്നപ്പോൾ കോഴി ക്കോട് അഡീഷണൽ ഡിസ്ട്രിക്റ്റ് മജിസ്ട്രേറ്റ് കോഴിക്കോട് ജില്ലാ സൈനിക് വെൽഫയർ ഓഫീസർ എന്നിവർ ചേർന്ന് കോഴിക്കോട് വിമാനത്താവളത്തിൻ നിന്നും സ്വീകരിച്ച് വസതിയിലെത്തിച്ചു. കേരള സർക്കാരിന് വേണ്ടി റീത്ത് സമർപ്പിച്ചു. മുഖ്യമന്ത്രിയുടെ സൈനിക ക്ഷേമനിധിയിൽ നിന്ന് 15,000 രൂപ അടിയന്തര സഹായമായി കൊയി ലാണ്ടി തഹസിൽദാർ ശ്രീജിത്തിന്റെ ഭാര്യയ്ക്ക് കൊടുത്തു. ജവാന്റെ ഭൗതികശരീരം ഇങ്ങനെ കൊണ്ടുവരുന്ന അവസരത്തിൽ സൈനിക ബഹുമതി നൽകി സംസ്കരിക്കുന്നതിന് ഒരു സംവിധാനമുണ്ട്. അത് മിലിട്ടറിയുടെ ചുമതലയാണ്. സ്റ്റേഷൻ ഹെഡ്ക്വാർട്ടേഴ്സ് കണ്ണൂർ ആണെന്നാണ് മനസ്സിലാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ ഭാഗത്ത് ചെയ്യേണ്ട കാര്യങ്ങൾ ചെയ്തു. പക്ഷെ വേണ്ട ബഹുമതി നൽകിയില്ല എന്ന കാര്യം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതാണ്. അതു പോലെ തന്നെ ശ്രീജിത്തിന്റെ കുടുംബത്തിന് കിട്ടേണ്ട എല്ലാ വിധത്തി

ലുള്ള ആനുകൂല്യങ്ങളും കിട്ടുന്നതിന് ആവശ്യമായ നടപടികൾ എടുക്കുന്നതാണ്.

Uncorrected / Not for publication

## പാലോട് ബൊട്ടാണിക്കൽ ഗാർഡൻ

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: സർ, ശാസ്ത്ര സാങ്കേതിക മേഖലയിൽ ഏഷ്യയിലെ തന്നെ മികച്ച സ്ഥാപനമാകേണ്ടതാണ് പാലോട് പ്രവർത്തിക്കുന്ന ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. എൺപതുകളുടെ ആരംഭത്തിൽ ശാസ്ത്ര ഗവേഷണ രംഗത്ത് തുടങ്ങിയ ഈ സ്ഥാപനം വളരെ മെച്ചപ്പെട്ട രീതിയിൽ പ്രവർത്തിച്ച് അന്തർദേശീയ തലത്തിൽ പ്രശസ്തി ആർജ്ജിച്ചു എന്നുള്ളത് ശ്രദ്ധേയമാണ്. പക്ഷെ ഇപ്പോൾ അതിന്റെ പ്രവർത്തനം വളരെയധികം കഷ്ടത്തിലാണ്. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൽ ഉണ്ടാക്കി ഈ സ്ഥാപനത്തിന്റെ ഭരണ മേൽപ്പിച്ചു. സാമ്പത്തികമായും മറ്റെല്ലാവിധമുള്ള കാര്യങ്ങളും കൗൺസിലാണിപ്പോൾ കൈകാര്യം ചെയ്യുന്നത്. ആ സ്ഥാപനത്തിന് പണവും മറ്റുകാര്യങ്ങളുമില്ല. 300 ഏക്കർ സ്ഥലത്ത് ഏകദേശം 450 -ഓളം ജീവനക്കാരുണ്ട്. സ്ഥിരപ്പെടുത്തിയവർ, സ്ഥിരപ്പെടുത്താത്തവർ, ഡെയ്‌ലി വേജസ് തുടങ്ങിയവർ. ഇവർക്ക് എൽ.ഡി.എഫ് സർക്കാർ കൊണ്ടു വന്ന ഒൻപതാം ശമ്പള പരിഷ്ക്കരണ ആനുകൂല്യം ഇതുവരെ കൊടുത്തിട്ടില്ല. അവിടെ രാഷ്ട്രീയമായി ഒരുപാട് ആൾക്കാരെ നിയമിക്കുന്നു. എൽ.ഡി. എഫ്. സർക്കാരിന്റെ കാലത്ത് ഒരൊറ്റ നിയമനം പോലും രാഷ്ട്രീയമായി നടത്തിയിട്ടില്ലെന്നു മാത്രമല്ല, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കറിയാം അവിടെ ഐ.എൻ.റ്റി.യു.സി.യുടെയും സി.ഐ.റ്റി

.യു.വിന്റെയും രണ്ട് യൂണിയനുകളുണ്ട്. അന്നു മുതൽ ഇന്നുവരെ ഐ.എൻ.റ്റി.യു.സി.യുടെ നേതാവ് മുഖ്യമന്ത്രിയായിരുന്നു. ഇപ്പോൾ മാറിയോയെന്നറിയില്ല. സി.ഐ.റ്റി.യു.വിന്റെ നേതാവ് ഞാൻ തന്നെ. എന്റെ നിയോജക മണ്ഡലത്തിലായതുകൊണ്ടാണ്. അവിടെ ഗാർഡനർ തസ്തികയിൽ ശ്രീ. ലാലനെയും ശ്രീ. ഉല്ലാസിനെയും നിയമിച്ചു. ശ്രീ. ലാലൻ എന്ന ആൾ എസ്.സിയാണ്. ഇതിൽ ശ്രീ. ഉല്ലാസിനെ സ്ഥിരപ്പെടുത്തി. ഞാൻ മുഖ്യമന്ത്രിയെ നേരിട്ട് കണ്ട് പെറ്റീഷൻ കൊടുത്തു, ഇത് അനീതിയല്ലേ, കൊടുക്കാം, കൊടുക്കാം എന്ന് അദ്ദേഹം പറഞ്ഞു? അതിന്റെ റിപ്പോർട്ടിന് വന്നപ്പോൾ ഡയറക്ടറും, കൗൺസിലുമെല്ലാം ഇത് കൊടുക്കേണ്ടതു തന്നെയാണെന്നെഴുതി. എന്തേ സാർ, കൊടുക്കാത്തത്? എന്നെ അറിയിച്ചിട്ടില്ല. വീണ്ടും ഞാൻ പെറ്റീഷൻ കൊടുത്തിരിക്കുകയാണ്. നീതിമാനായ മുഖ്യ മന്ത്രിയാണ്, ഒരേ ദിവസം ഒരേ തസ്തികയിൽ ഒരു ഹരിജനും ഹരിജനല്ലാത്തയാളും. ഹരിജനല്ലാത്തയാളിന് കൊടുത്തു, എസ്.സി.ക്ക് കൊടുത്തില്ല, അതിന് കാരണമെന്താണ്? അത് മാത്രം പറഞ്ഞാൽ മതി. ഒരുപാട് കാര്യങ്ങളുണ്ട്. ശാസ്ത്ര സാങ്കേതിക കൗൺസിലിൽ ഒരു ശാസ്ത്രജ്ഞനുൾപ്പെടെ എത്ര പേരെയാണ് തിരുകിക്കയറ്റിയത്? ക്യാൻസർ രോഗിയായ ഐ.എൻ.റ്റി.യു.സി. യുടെ നേതാവിനെ. ഇയാൾ പരിഹസിച്ചു എന്നുപറഞ്ഞ് പെറ്റീഷൻ കൊടുത്തിരിക്കുന്നു. അങ്ങനെ പെറ്റീഷൻ കൊടുത്തതിന്റെ അടിസ്ഥാനത്തിൽ മേനംകുളത്ത് ഇയാളെ മാറ്റിയിരി

ക്കുന്നു. ഹൈക്കോടതിയിൽ പോയി അത് സ്റ്റേ ചെയ്യണമെന്ന് പറഞ്ഞ്, ഇതുവരെ കൊടുത്തിട്ടില്ല. കൊടുക്കാത്തകാര്യം, അവിടത്തെ ഇപ്പോഴത്തെ ഡയറക്ടർ ഡോ. ലത ഐ.എൻ.റ്റി.യു.സി. യുടെ നേതാവാണ്. അവിടത്തെ അവസ്ഥ പറയാൻ ഒരു സബ്മിഷനിലൂടെ അഞ്ചോ, പത്തോ മിനിട്ടു കൊണ്ട് സാധിക്കുന്നതല്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിനൊരവസരം തരുന്നതുമില്ല. ന്യായമായും നീതിയായും പോയാൽ പ്രശ്നമില്ല. ഡോ. വല്യത്താൻ എന്തിനാണ് രാജി വച്ചു പോയത്? ആ സ്ഥലത്ത് ഇന്നു കാണിക്കുന്നത് അഴിമതിയും അക്രമവും ആണ്. അതു കൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രത്യേകമായി ഇടപെട്ട് ശ്രീ. ലാലന്റെ കാര്യം പ്രത്യേകമായി പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ നോട്ടീസ് നൽകിയ പ്രശ്നം, പാലോട് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ദേശീയ സ്ഥാപനമായി ഉയർത്തുന്നത് സംബന്ധിച്ചാണ്. അത് മാത്രം പറഞ്ഞില്ല. അതുകൊണ്ട് മറ്റ് കാര്യങ്ങളൊന്നും ഞാൻ നോക്കിയില്ല. എന്നെക്കുറിച്ച് നല്ല വാക്കു പറഞ്ഞു, അതിന് നന്ദിയുണ്ട്. പക്ഷെ അർഹിക്കാത്തത് പറയുമ്പോൾ എനിക്കു തന്നെ ഒരു നാണക്കേട് തോന്നും. അദ്ദേഹം നോട്ടീസ് തന്നതനുസരിച്ചാണെങ്കിൽ,

ഈ സ്ഥാപനം ഏറ്റെടുക്കണമെന്ന കാര്യം  കേന്ദ്ര ഗവൺമെന്റിലേക്ക് എഴുതിക്കഴിഞ്ഞു. കാരണം, റ്റി.ബി.ജി.ആർ.ഐ. കേരളത്തിന്റെ ഒരു അഭിമാന സ്ഥാപനമാണ്. അത് ഇന്ത്യയിൽ ഏറ്റവുമധികം ശ്രദ്ധിക്കപ്പെ ടുന്ന സ്ഥാപനമായി മാറിയിട്ടുണ്ട്. കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ ഈ സ്ഥാപനത്തെ കൊണ്ടുവരുന്നതിനുള്ള പ്രൊപ്പോ സൽ 2012 ഒക്ടോബറിൽ നമ്മൾ നൽകിക്കഴിഞ്ഞു. ശ്രീ. വയലാർ രവി ശാസ്ത്ര സാങ്കേതിക വകുപ്പ് കൈകാര്യം ചെയ്തിരുന്ന സമയത്ത്  അദ്ദേഹമതിന് അനുകൂലമായ നിലപാടെടുത്തിരുന്നു. ശ്രീ. ജയപാൽ റെഡ്ഡി ആ സ്ഥാനമേറ്റെടുത്ത ശേഷം വീണ്ടും നമ്മൾ എഴുതി യിട്ടുണ്ട്. അത് പരമാവധി വേഗത്തിൽ ചെയ്യാൻ ശ്രമിക്കും. സാമ്പ ത്തിക ബുദ്ധിമുട്ടുണ്ടായിരുന്നു. ബഹുമാനപ്പെട്ട ശ്രീ. കൃഷ്ണൻ നായർ യൂണിയന്റെ പ്രസിഡന്റ് കൂടിയാണ്.  2006 മുതൽ ജീവനക്കാർക്ക് കുടിശ്ശിക കൊടുക്കാനുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം നാലു കോടി രൂപ കൊടുത്ത് കുറേ തീർത്തു. ഇനിയും കൊടുക്കാനുണ്ട്, സമ്മതിക്കുന്നു.  അതെങ്ങനെയെന്ന് നോക്കാം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ഞാൻ നോട്ടീസിലില്ലാത്തതുകൊണ്ട് നോക്കിയിട്ടി ല്ല. ശ്രീ. ലാലന്റെ കാര്യം  എന്ത് സംഭവിച്ചു എന്നത് പ്രത്യേകം നോക്കി അങ്ങയെ അറിയിക്കുന്നതായിരിക്കും.

**പ്രാദേശിക പത്ര പ്രവർത്തകരുടെ സെക്രട്ടേറിയറ്റ് മാർച്ച്**

ശ്രീ. രാജു എബ്രഹാം: സർ, പ്രാദേശിക പത്ര പ്രവർത്തകർ ഇന്ന് സെക്രട്ടേറിയറ്റിലേയ്ക്ക് മാർച്ച് നടത്തുകയാണ്. കഴിഞ്ഞ ബഡ്ജറ്റിൽ പ്രാദേശിക പത്ര പ്രവർത്തകർക്കു വേണ്ടി പണം നീക്കി വച്ചിട്ടുണ്ടെന്ന് ഇവിടെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ പ്രസ്താവിച്ചിരുന്നു. ബഡ്ജറ്റ് പാസ്സാക്കിയിട്ട് എട്ട് മാസം കഴിഞ്ഞിട്ടും അവർക്കുവേണ്ടിയുള്ള നടപടികൾ ഒന്നും തന്നെയെടുത്തില്ല. ഇന്ന് അതിൽ പ്രതിഷേധിച്ചുകൊണ്ട് സെക്രട്ടേറിയറ്റിലേയ്ക്ക് കേരളത്തിലെ മുഴുവൻ പ്രാദേശിക പത്ര പ്രവർത്തകരും മാർച്ച് നടത്തുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി പത്ര പ്രവർത്തകർക്കു വേണ്ടിയുള്ള നടപടി നടപ്പാക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്): സർ, കഴിഞ്ഞ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തുകയുണ്ടായി. ഇതിന്റെ എ. എസ്. പുറപ്പെടുവിച്ച് പ്രാരംഭമായി ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. ഒരു പ്രയാസമുള്ളത് പ്രാദേശികമെന്നു പറഞ്ഞാൽ പഞ്ചായത്ത് ലെവലിലേക്ക് പോകണോ അതോ അസംബ്ലി ലെവലിൽ പോകണോ ഏത് ലെവൽ വരെ പോകാൻ സാധിക്കുമെന്നുള്ളതാണ്. കാരണം

എല്ലാ പഞ്ചായത്തുകളിലും പ്രാദേശിക പത്ര പ്രവർത്തകരുണ്ട്. രണ്ടാമത്തെ കാര്യം, കോൺട്രാക്റ്റ് ബേസിസിൽ വർക്ക് ചെയ്യുന്ന ആൾക്കാരുണ്ട്, അതുപോലെ ലൈൻ stringers ഉണ്ട്. ആരെയെല്ലാം ഉൾപ്പെടുത്തണമെന്ന അഭിപ്രായഐക്യം ഉണ്ടായിട്ടില്ല. തീർച്ചയായും ആ ഒരു ധാരണ ഉണ്ടായിക്കഴിഞ്ഞാൽ അതിന് നടപടി സ്വീകരിക്കുന്നതാണ്. പ്രാരംഭ ചർച്ചകൾ നടത്തി അതിന്റെ സമിതി രൂപീകരിച്ചു കഴിഞ്ഞു. നടപടി ആരംഭിക്കാനുള്ള തടസ്സം ഇതു സംബന്ധിച്ച ഫൈനാലിറ്റി ആകാത്തതാണ്. യാതൊരു ഉത്കണ്ഠയും വേണ്ട. ഈ സാമ്പത്തിക വർഷം തന്നെ അതിന്റെ നടപടി പൂർത്തിയാകും.

**അക്ഷയകേന്ദ്രങ്ങളുടെ കാര്യക്ഷമത**

ശ്രീ. എളമരം കരീം : സർ, അക്ഷയകേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടിയെടുക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. 2002-ൽ മലപ്പുറം ജില്ലയിൽ 500 കേന്ദ്രങ്ങൾ ആരംഭിച്ച്, വിജയകരമാണെന്ന് കണ്ടതിനെത്തുടർന്നാണ് സംസ്ഥാനത്താകെ 3500 അക്ഷയ കേന്ദ്രങ്ങൾ തുടങ്ങിയത്. 2 ലക്ഷം രൂപ മുതൽ 5 ലക്ഷം രൂപ വരെ സ്വന്തം പണം മുടക്കി ആരംഭിച്ച ഈ കേന്ദ്രങ്ങൾ ആദായകരമായി നടത്താൻ കഴിയാത്തതുകൊണ്ട് 1853 എണ്ണം മാത്രമേ ഇപ്പോൾ ലൈവായിട്ടുള്ളൂ, ബാക്കിയെല്ലാം അടച്ചുപൂട്ടി. ഗവൺമെന്റ് ജനങ്ങൾക്ക് നൽകുന്ന വിവിധ സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങളിലൂടെ നടപ്പാക്കുമ്പോൾ വാങ്ങുന്ന ഫീസാണ് ഇവരുടെ വരുമാനം. ആ ഫീസിൽ നിന്ന് അക്ഷയ സംസ്ഥാന കേന്ദ്രം ഒരു വലിയ കമ്മീഷൻ ഈടാക്കുന്നു. അത് അവസാനിപ്പിക്കണം. കാരണം ഇത് അക്ഷയ സംസ്ഥാനകേന്ദ്രം ഐ.ടി. മിഷന് കീഴിലായതു കൊണ്ട് ഈ പാവങ്ങൾ വാങ്ങുന്ന ഫീസിൽ ഒരു കമ്മീഷൻ വാങ്ങുന്ന രീതി അവരുടെ വരുമാനത്തെ കാര്യമായി ബാധിക്കുന്നു. ഈ സംരംഭകനും അതിനു കീഴിൽ ജോലി ചെയ്യുന്ന രണ്ടോ മൂന്നോ ടെക്നീഷ്യൻസും ചേർന്ന് ദിവസം അവർക്ക് ജീവിക്കാൻ കഴിയുന്ന ഒരു വരുമാനം കിട്ടുന്നില്ല. ഇവരാണെങ്കിൽ കമ്പ്യൂട്ടർ സാക്ഷരത വളരെ വിജയകരമായി നടപ്പാക്കിയതിനെത്തുടർന്ന് നിരവധി ജോലികളാണ് ഗവൺമെന്റ് അവർക്ക് കൊടു

ത്തത്. ഇ-പെയ്മെന്റ്, ഇ-ഫയലിംഗ്, വാറ്റിന്റെ കണക്കുകൾ കൊടുക്കൽ, റെയിൽവേ ടിക്കറ്റ് റിസർവ്വേഷൻ, മറ്റു ബില്ലുകളടക്കം ജനങ്ങൾക്ക് ഉപകാരപ്രദമായ ധാരാളം സേവനങ്ങൾ ചെയ്യാൻ സാധിക്കും. ഇപ്പോൾ ഗവൺമെന്റ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലേയ്ക്ക് പോകുകയാണ്. ഇ-ഡിസ്ട്രിക്ട് പദ്ധതിയിലേയ്ക്ക് വരുമ്പോൾ അക്ഷയ കേന്ദ്രങ്ങൾക്കുപരി ചില സ്വകാര്യ ഏജൻസികളെക്കൂടി എൻഗേജ് ചെയ്യാൻ പോകുന്നു എന്ന ആശങ്ക ഇവർക്കുണ്ട്. അക്ഷയ കേന്ദ്രങ്ങളെ ഫലപ്രദമായി പ്രവർത്തിക്കുകയല്ല, ഉപയോഗിക്കാൻ കഴിയുമെന്നാണ് അവരുടെ ഒരു അഭിപ്രായം. അതുകൊണ്ട് നമ്മുടെ ഗവൺമെന്റ് തുടങ്ങിവച്ച ഈ മഹത്തായ പദ്ധതിയെ ശക്തിപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിക്കണം എന്നാണ് എന്റെ അഭ്യർത്ഥന.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ നമ്മുടെ അക്ഷയ കേന്ദ്രങ്ങൾ എന്നു പറയുന്നത് ഏറ്റവും വലിയ ഒരു സമ്പത്താണ്. ഭാവിയിൽ വരാൻ പോകുന്ന ഐ.ടി. യുഗത്തിൽ സ്വന്തമായി സംവിധാനങ്ങളൊന്നുമില്ലാത്ത സാധാരണക്കാർക്ക് ആശ്രയിക്കാവുന്ന കേന്ദ്രങ്ങളാണ് അക്ഷയ കേന്ദ്രം. ഇ-ഡിസ്ട്രിക്ട് പരിപാടിയടക്കം ഇനി കൂടുതൽ സേവനങ്ങൾ ഐ.ടി. അധിഷ്ഠിത അടിസ്ഥാനത്തിൽ കൊണ്ടുവരുമ്പോൾ സാധാരണക്കാരന്

എപ്പോഴും ചെന്ന് ഓൺലൈൻ ആപ്ലിക്കേഷൻ കൊടുക്കാനോ സർട്ടിഫിക്കറ്റ് വാങ്ങാനോ ഫീസ് അടയ്ക്കാനോ മറ്റ് ഗവൺമെന്റിന്റെ എന്ത് സേവനത്തിനും ഇതിനൊക്ക ആശ്രയിക്കാവുന്ന സ്ഥലമാണ് നമ്മുടെ അക്ഷയ കേന്ദ്രങ്ങൾ. ഇവിടെ പറഞ്ഞതുപോലെ 2003-ൽ മലപ്പുറം ജില്ലയിൽ നിന്ന് പരീക്ഷണാർത്ഥം ആരംഭിച്ച് ഇന്ന് സംസ്ഥാന വ്യാപകമായി വന്നിരിക്കുകയാണ്. മാത്രമല്ല ഇന്ത്യയ്ക്ക് തന്നെ ഒരു മോഡലായി, ലോകത്ത് തന്നെ റിക്കഗ്നൈസ്ഡായ ഒരു സംരംഭമാണ് അക്ഷയ കേന്ദ്രങ്ങൾ. അതുകൊണ്ട് ഒരു തരത്തിലും ഇതിനെ വീക്കാക്കുന്ന പ്രശ്നമില്ല. മറ്റു ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലൊക്കെ പ്രൈവറ്റുകാർ അവരുടെ ഫ്രാഞ്ചൈസിയായി അക്ഷയകേന്ദ്രങ്ങളെ കൊടുക്കുന്ന ഒരു രീതിയാണുള്ളത്. അത് നമുക്ക് വേണ്ട. നമുക്ക് സെൽഫ് എംപ്ലോയ്മെന്റ് എന്നുള്ള നിലയിൽ ഓരോരുത്തരും ഈ സംരംഭങ്ങൾ തുടങ്ങി വിജയിപ്പിച്ച് അങ്ങനെ പോയാൽ മതി. അത് വിജയിപ്പിക്കാനുള്ള നടപടികൾ മാത്രമേ ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകുകയുള്ളൂ. അക്ഷയകേന്ദ്രങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നല്ലാതെ ഒരു തരത്തിലും നിരുത്സാഹപ്പെടുത്തുന്ന സമീപനവുമുണ്ടാകില്ല എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

## മൂടാടി കെൽട്രോൺ യൂണിറ്റിന്റെ വികസനം

ശ്രീ. കെ. ദാസൻ : സർ, കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ മൂടാടിയിൽ 1981-ൽ ആരംഭിച്ചിട്ടുള്ള കെൽട്രോൺ യൂണിറ്റിന്റെ വികസനം ഇന്നിപ്പോൾ മുരടിച്ചിരിക്കുകയാണ്. ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി എൽ.ഇ.ഡി. ട്യൂബ് ലൈറ്റിന്റെ ഉല്പാദനത്തിനു വേണ്ടി സാങ്കേതിക കരാറിൽ ഒപ്പുവച്ച് ഈ സാമ്പത്തിക വർഷം തന്നെ അതിന്റെ ഉല്പാദനം നടത്താൻ കഴിയുമെന്നാണ് മാനേജ്മെന്റ് അറിയിച്ചിട്ടുള്ളത്. ദശലക്ഷക്കണക്കിന് വൈദ്യുതി മീറ്ററുകൾ ഇന്ത്യയൊട്ടുക്കും ആവശ്യമായതു കാരണം ഇപ്പോൾ ചെയ്യുന്ന മീറ്റർ കാർഡ് assemble ചെയ്ത് കൂടുതൽ വിപുലപ്പെടുത്തി മീറ്ററുകൾ നിർമ്മിക്കാനുള്ള പ്രവർത്തനം അവിടെ ചെയ്യാനാകും. ഇതിനാവശ്യമായ ഏതാണ്ട് പതിമൂന്നര ഏക്കർ സ്ഥലം ഈ യൂണിറ്റിനുണ്ട്. ഫിഷറീസ് വകുപ്പിനു വേണ്ടി ഐ.എസ്.ആർ.ഒ.-യുടെ സാങ്കേതിക വിദ്യ ഉപയോഗിച്ചാണ് ഒരു ഉപകരണം നിർമ്മിക്കുന്നത്. ആ ഉപകരണം നിർമ്മിക്കാനുള്ള കഴിവ് ഈ സ്ഥാപനത്തിനുണ്ട്. ഈ ഉപകരണം വിദേശത്തേയ്ക്ക് കയറ്റുമതിക്ക് സാധ്യതയുള്ളതുമാണ്. ഇത്തരത്തിൽ പ്രവർത്തനം വിപുലമാക്കാൻ കൂടുതൽ യന്ത്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. കേന്ദ്ര സർക്കാരിന്റെ ബഡ്ജറ്റിൽ പ്രതിരോധ ആവശ്യത്തിന് പതിനായിരം കോടിയിലധികം വിലവരുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങിക്കേണ്ടതുണ്ട്. ഇവയിൽ പലതും ബി.എച്ച്.ഇ.എൽ, ഐ.എസ്.ആർ.ഒ.

തുടങ്ങിയ വലിയ സ്ഥാപനങ്ങൾ നിർമ്മിച്ച് നൽകുന്നതാണ്. ഈ യൂണിറ്റിന്റെ പ്രവർത്തന സംവിധാനം വിപുലപ്പെടുത്തിയാൽ ഇത്തരം ഉപകരണങ്ങൾ നിർമ്മിച്ച് നൽകാൻ വലിയ സ്ഥാപനങ്ങളുമായി യോജിച്ച് പ്രവർത്തിക്കാനാകും. അതോടൊപ്പം തന്നെ സോളാർ പാനൽ നിർമ്മിക്കാനാവശ്യമായ പ്രവർത്തനവും ഇവിടെ നടത്താൻ കഴിയും. പവർ ഫാക്ടർ കപ്പാസിറ്ററിന്റെ നിർമ്മാണത്തിന് വേണ്ട നടപടിയും സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഐ.ടി. അധിഷ്ഠിതമായിട്ടുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനം ഈ ഫാക്ടറിയോട് അനുബന്ധിച്ച് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കെ.എസ്.ഇ.ബി.-ക്ക് ആവശ്യമായിട്ടുള്ള മീറ്റർ നിർമ്മാണവും അതിന്റെ അടിയന്തിര ഉല്പാദനവും തുടങ്ങാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എന്റെ സബ്മിഷൻ.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, കൊയിലാണ്ടി മൂടാടിയിൽ പ്രവർത്തിക്കുന്ന കെൽട്രോൺ യൂണിറ്റിന്റെ സാദ്ധ്യതകൾ മനസ്സിലാക്കി വിവിധ പദ്ധതികൾ തുടങ്ങാനും മുമ്പോട്ടു കൊണ്ടുപോകാനും തീരുമാനിച്ചിട്ടുണ്ട്. എൽ.ഇ.ഡി. ലൈറ്റ് മാനുഫാക്ചറിംഗ്, അത് തുടക്കത്തിൽ തന്നെ 5000 എൽ.ഇ.ഡി. ലൈറ്റുകളുടെ നിർമ്മാണം നടത്തി. പിന്നീട് 10000 ആക്കാനുള്ള നടപടികൾ എടുക്കുകയാണ്. അതുപോലെ മൊത്തം വാർഷികോല്പാദനം 6 കോടിരൂപയിൽ നിന്ന് 12 കോടി രൂപയാക്കാ

നുള്ള പരിപാടികളുമായി മുന്നോട്ട് പോകുകയാണ്. അതിനുള്ള എസ്.എം.ടി. അസംബ്ലിംഗ് കൂടുതൽ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകാൻ നോക്കുകയാണ്. അതാണ് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ഉപകരണ നിർമ്മാണം. പിന്നെ മൂന്നു വർഷം ദൈർഘ്യമുള്ള ഇലക്ട്രോണിക് ഡിപ്ലോമ കോഴ്സ് തുടങ്ങുന്നതിന് എൻ.ടി.ടി.എഫ്.-മായി ചർച്ച നടത്തി വരുന്നു. അത് ഉടനെ ഫൈനലൈസ് ചെയ്യാൻ സാധിക്കും. രണ്ട് മെഗാവാട്ട് സോളാർ പവർ പ്ലാന്റിന് 19 കോടി രൂപയുടെ ഫണ്ടിനായുള്ള പദ്ധതി നിർദ്ദേശം സമർപ്പിച്ചു കഴിഞ്ഞു. അതും ഇംപ്ലിമെന്റ് ചെയ്യാൻ സാധിക്കുമെന്നാണ് ഗവൺമെന്റ് കരുതുന്നത്.

## വികലാംഗരുടേയും മാനസിക വൈകല്യമുള്ളവരുടേയും സംരക്ഷണം

ശ്രീ. പി. കെ. ഗുരുദാസൻ : സർ, അംഗവൈകല്യം സംഭവിച്ചവരും മാനസിക വൈകല്യമുള്ളവരും നമ്മുടെ സമൂഹത്തിൽ വലിയൊരു വിഭാഗമുണ്ട്. Differentially abled എന്ന് നാം വിശേഷിപ്പിക്കുന്ന നമ്മുടെ സഹോദരങ്ങൾ അർഹമായ പരിഗണന ലഭിക്കാതെ അവഗണിക്കപ്പെടുന്ന സ്ഥിതിയാണുള്ളത്. ഈ വിഭാഗത്തിന് വേണ്ടി കുറേയധികം പദ്ധതികൾ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും അതെല്ലാം തീരെ അപര്യാപ്തമാണ്. 2012-13 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ ഞാൻ പരിശോധിച്ചു. 26.62 കോടി രൂപയുടെ കേന്ദ്ര പദ്ധതി വിഹിതമടക്കം ഈ സാമ്പത്തിക വർഷം വിവിധയിനങ്ങളിലായി 73.43 കോടി രൂപ പ്ലാൻ ഫണ്ടിലും 7.81 കോടി രൂപ നോൺ പ്ലാൻ ഫണ്ടിലും ഉൾപ്പെടുത്തിയതായി കാണുന്നുണ്ട്. ഈ തുക വളരെ പരിമിതമാണ്. പല പദ്ധതികളും ശരിയായ വിധത്തിൽ നടപ്പിലാക്കുന്നില്ല എന്നു മാത്രമല്ല പല ഇനങ്ങളിലുമുള്ള തുക യഥാവിധി ചെലവഴിക്കപ്പെടുന്നുമില്ല. ഈ സഹോദരങ്ങളുടെ സംരക്ഷണം അവരുടെ വിദ്യാഭ്യാസം, ആരോഗ്യം, പുനരധിവാസം തുടങ്ങിയ കാര്യങ്ങളിൽ സജീവമായ പരിഗണന ലഭ്യമാക്കേണ്ടതായിട്ടുണ്ട്. വികലാംഗ കുടുംബങ്ങളുടെ സാമ്പത്തിക വരുമാനം കണക്കിലെടുക്കാതെ അവർക്കെല്ലാം ബി.പി.എൽ. വിഭാഗത്തിന് ലഭിക്കുന്ന എല്ലാ

ആനുകൂല്യങ്ങളും നൽകണം. അവർക്ക് നൽകുന്ന പെൻഷൻ തുക കുറഞ്ഞത് 1000 രൂപയാക്കുകയും disability യുടെ മാനദണ്ഡപ്രകാരം ആനുപാതികമായ വർദ്ധിച്ച പെൻഷൻ നൽകുകയും ചെയ്യണം. സൗജന്യ ചികിത്സയും സൗജന്യ യാത്രാ സൗകര്യവും നൽകണം. ദേശീയ വികലാംഗ പുനരധിവാസ പദ്ധതി, എല്ലാ ജില്ലകൾക്കും ബാധകമാക്കുകയും പ്രസ്തുത പദ്ധതി വിപുലപ്പെടുത്തുകയും കാര്യക്ഷമമാക്കുകയും ചെയ്യണം. Artificial limb നിർമ്മിച്ച് നൽകുന്ന സ്ഥാപനങ്ങളിൽ നിന്നും അവ ലഭിക്കുന്നതിന് രണ്ടും മൂന്നും വർഷം കാത്തിരിക്കേണ്ടി വരുന്ന ദുരവസ്ഥ അവസാനിപ്പിക്കുകയും താമസംവിനാ ലഭ്യമാക്കുകയും ചെയ്യണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തോറും തൊഴിൽ സംരംഭങ്ങൾക്കു വേണ്ടിയുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം. ബുദ്ധിമാന്ദ്യമുള്ളവർക്കു വേണ്ടി പുനരധിവാസ കേന്ദ്രങ്ങൾ ആരംഭിക്കണം. മാനസിക വൈകല്യമുള്ളവരുടെ സ്പെഷ്യൽ സ്കൂളുകൾ എയ്ഡഡ് സ്കൂളുകളായി ഉയർത്തണം. അവിടെയുള്ള അദ്ധ്യാപകർക്കും അനദ്ധ്യാപകർക്കും ഗവൺമെന്റ് ശമ്പളം നൽകണം. സ്പെഷ്യൽ സ്കൂളുകൾക്ക് നൽകുന്ന ഗ്രാന്റ് വർദ്ധിപ്പിക്കണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതു പ്രകാരം Mentally Retarded ആയിട്ടുള്ളവർക്ക് വേണ്ടിയുള്ള ആരോഗ്യ കേന്ദ്രങ്ങൾ കൊല്ലത്തും ആലപ്പുഴയിലും ഉടൻ തന്നെ ആരംഭിക്കുക. ഡോ. എം. കെ. ജയരാജ് കമ്മിഷന്റെ പ്രവർത്തനം ഉടൻ തന്നെ പൂർത്തിയാക്കി പ്രസ്തുത ശുപാർശകൾ

നിയമസഭാംഗങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക. 2012 വരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള വികലാംഗരെയെല്ലാം സ്ഥിരപ്പെടുത്തുകയും വികലാംഗരുടെ ഉദ്യോഗനിയമനങ്ങളുടെ സംവരണ വ്യവസ്ഥ കർശനമായും നടപ്പിലാക്കുകയും ചെയ്യണം. സ്വന്തമായി ഭൂമിയും വീടുമില്ലാത്ത എല്ലാ വികലാംഗർക്കും ഭൂമിയും വീടും നൽകണം. ഈ കാര്യങ്ങൾ ഗവൺമെന്റ് അംഗീകരിച്ച് നടപ്പിലാക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): സർ, വിഭിന്ന ശേഷിയുള്ളവരും മാനസിക വൈകല്യമുള്ളവരുമായ ആളുകളുടെ സംരക്ഷണത്തിന് സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ ആശ്വാസ കിരണം, ചികിത്സാസഹായം, വിഭിന്ന ശേഷിയുള്ള പെൺകുട്ടികളുടെ വിവാഹ ധനസഹായം തുടങ്ങിയ പദ്ധതികൾ നിലവിലുണ്ട്. വിഭിന്ന ശേഷിയുള്ളവരുടെ ക്ഷേമ സ്ഥാപനങ്ങൾ മുഖേനയും ആനുകൂല്യങ്ങൾ നൽകുന്നുണ്ട്. ബധിര-മൂക വിദ്യാർത്ഥികൾക്ക് ബിരുദാനന്തര ബിരുദതലം വരെ ആധുനിക വിദ്യാഭ്യാസം നിഷ് വഴി നൽകി വരുന്നുണ്ട്. ഇതിനുപുറമേയാണ് സംസാരിക്കുവാൻ കഴിവില്ലാത്ത അഞ്ച് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് കോക്ലിയാർ ഇംപ്ലാന്റേഷൻ നടത്തുന്നതിന് അഞ്ച് ലക്ഷം രൂപ വീതം ഗവൺമെന്റ് കൊടുക്കുന്നുണ്ട്. ഇതിനകം തന്നെ 80 കോക്ലിയാർ ഇംപ്ലാന്റേഷൻ

ഇവിടെ നടത്തികഴിഞ്ഞു. 80 ശതമാനത്തിന് മേൽ വൈകല്യമുള്ള വർക്ക് വികലാംഗ പെൻഷൻ 400 രൂപയിൽ നിന്ന് 700 രൂപയായും മറ്റ് വൈകല്യമുള്ളവർക്ക് വികലാംഗ പെൻഷൻ 525 രൂപയായും 01-04 -2012 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഐ.എ.വൈ പദ്ധതിയിലെ ആനുകൂല്യ ങ്ങൾ ലഭ്യമാക്കുന്നതിന് ഇക്കാര്യത്തിൽ ബി.പി.എൽ അപേക്ഷകൾ ഇല്ലാത്ത അവസരത്തിൽ എ.പി.എൽ വിഭാഗത്തിലെ അപേക്ഷകരെ കൂടി പരിഗണിക്കുന്നുണ്ട്. സാമൂഹ്യക്ഷേമ പെൻഷനുകളെല്ലാം അനുവ ദിക്കുമ്പോൾ എ.പിഎൽ അപേക്ഷകരെ  അനുയോജ്യമായ സാഹചര്യ ത്തിൽ പരിഗണിക്കുകയോ അഥവാ മേൽപ്പടി പെൻഷനുകൾക്ക് അർഹരാകുന്നവരുടെ വരുമാന പരിധി ഉയർത്തുകയോ ചെയ്യുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.  പൊതുവായി ഇവരെ ബി.പി. എൽ വിഭാഗത്തിൽപ്പെടുത്തുന്ന കാര്യം വിശദമായി മുഖ്യമന്ത്രിയുമായി ആലോചിച്ച് ചെയ്യുന്നതാണ്. സംസ്ഥാനത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് 273 സ്പെഷ്യൽ സ്കൂളുകൾ വിദ്യാഭ്യാസ വകു പ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമേ പഞ്ചായത്ത് തലത്തിൽ കുടുംബശ്രീ നടത്തിവരുന്ന ബഡ്സ് സ്കൂളുകളും ഉൾപ്പെ ടുന്നുണ്ട്. ബഡ്സ് സ്കൂളുകൾക്ക് ബസ് കൊടുത്തുകൊണ്ട് എല്ലാ പഞ്ചായത്തുകളിലും ബഡ്സ് സ്കൂളുകൾ കൊണ്ടുവരുന്നതിനുള്ള നട പടികൾ സ്വീകരിച്ചുവരികയാണ്.  മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സർക്കാർ മേഖലയിൽ തിരുവനന്തപുരത്ത് പാങ്ങപ്പാറയിൽ

C. H. Muhammed Koya Memorial State Institute for the Mentally Challenged എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. മാനസികവെല്ലുവിളികൾ അനുഭവിക്കുന്നവരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിനും പരിഹാരം കാണുന്നതിനും ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ പ്രിൻസിപ്പാൾ ഡോ. എൻ. കെ. ജയരാജനെ ഏകാംഗ കമ്മീഷനായി സർക്കാർ നിയമിച്ചിട്ടുണ്ട്. ഇത് രണ്ട് വകുപ്പിൽ വരുന്ന കാര്യങ്ങളാണ്. ഇത് സംബന്ധിച്ച് വിദ്യഭ്യാസ വകുപ്പ് മന്ത്രിക്കാണ് കൂടുതൽ പറയാൻ സാധിക്കുന്നത്. 40 ശതമാനമോ അതിൽ കൂടുതലോ അംഗവൈകല്യമുള്ളവർക്ക് കെ.എസ്.ആർ.ടി.സി-യിൽ സിറ്റി, ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ ബസ്സിൽ യാത്രയ്ക്കായി കൺസെഷൻ അനുവദിച്ച് ഗതാഗതവകുപ്പിൽ നിന്ന് 17.4.2012-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 2001-വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം ജോലിചെയ്തിട്ടുള്ള വൈകല്യമുളളവരെ സ്ഥിരപ്പെടുത്തുന്നതിനുള്ള അനുമതി ഗവൺമെന്റ് നൽകിയിട്ടുണ്ട്. 2003-വരെയുള്ളവരെ കൂടി പരിഗണിക്കണമെന്ന് പറഞ്ഞ് അപേക്ഷ വന്നിട്ടുണ്ട്. അത് സംബന്ധിച്ച് എല്ലാ ജില്ലാ ഹെഡ്ക്വാർട്ടേഴ്സിലും ക്യാമ്പ് നടത്തി എത്രപേർ ഇനി അവശേഷിക്കുന്നുണ്ട് എന്ന് കണ്ടെത്തി എല്ലാവരെയും ഉൾപ്പെടുത്തുവാൻ പറ്റുമോയെന്ന് ഗവൺമെന്റ് ഗൗരവമായി ആലോചിക്കുന്നതാണ്.

**ശക്തൻതമ്പുരാന്റെ അർദ്ധകായ പ്രതിമ**

ശ്രീ. അൻവർ സാദത്ത്: സർ, കൊച്ചി രാജകുടുംബത്തിന്റെ പ്രമുഖനായ ഭരണാധികാരിയും തൃശ്ശൂർ പൂരത്തിന്റെ ശില്പിയുമായ ശക്തൻ തമ്പുരാൻ ജനിച്ചത് ആലുവ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിലെ വെള്ളാരപ്പള്ളി തെക്കേകോവിലകത്താണ്. കാഞ്ഞൂർ ഫെറോന പള്ളിക്ക് ആന വിളക്ക് കാഴ്ചയായി സമർപ്പിച്ച ശക്തൻ തമ്പുരാൻ ഈ നാട്ടിലെ മതേതരത്വത്തിന്റെ പ്രതീകമാണ്. മഹാനായ ഭരണാധികാരിയുടെ സ്മരണ നിലനിർത്തുവാൻ കാഞ്ഞൂർ പുതിയിടം ക്ഷേത്രത്തിന് മുൻഭാഗത്തുള്ള പൊതുവീഥിയിൽ ശക്തൻ തമ്പുരാന്റെ അർദ്ധകായ പ്രതിമ സ്ഥാപിച്ച് സമീപ സ്ഥലങ്ങൾ മോടിപിടിപ്പിച്ച് ശക്തൻ സ്ക്വയർ സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുകയാണ്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്): സർ, ശ്രീ. അൻവർ സാദത്ത് ഉന്നയിച്ചതുപോലെ തൃശ്ശൂർപൂരത്തിന്റെ ശില്പി കൂടിയായ കൊച്ചി രാജ്യത്തിലെ ശക്തനായ രാജാവായിരുന്ന ശക്തൻ തമ്പുരാന്റെ സ്മരണയെ മുൻനിർത്തിയുള്ള സ്മാരകം കാഞ്ഞൂർ വേണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. തൃശ്ശൂരിൽ ഇപ്പോൾത്തന്നെ ശക്തൻ തമ്പുരാന്റെ പേരിലുള്ള കൊട്ടാരം പുരാവസ്തുവകുപ്പിന്റെ

അധീനതയിൽ മ്യൂസിയമായി പ്രവർത്തിക്കുന്നുണ്ട്. രാജാവിനെ സംസ്ക്കരിച്ച സ്ഥലം സംരക്ഷിത സ്മാരകമാണ്. തൃശ്ശൂരിൽ ശക്തൻ തമ്പുരാന്റെ പേരിൽ ഒരു സ്ക്വയർ നിലവിലുണ്ട്. ജന്മനാടായ കാഞ്ഞൂ രിലെ പുതിയടം ക്ഷേത്രത്തിന് സമീപമുള്ള പൊതുവീഥിയിൽ ശക്തൻതമ്പുരാന്റെ പ്രതിമ സ്ഥാപിക്കണമെന്നാണ് എം.എൽ.എ ആവ ശ്യപ്പെട്ടത്. ഇക്കാര്യം സംബന്ധിച്ച് പി.ഡബ്ല്യൂ.ഡി.യുടെ കൂടെ അനു വാദം വാങ്ങിക്കേണ്ടതുണ്ട്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ കൂടി സഹകരിക്കുകയാണെങ്കിൽ ഇതുസംബന്ധിച്ച് നടപടി സ്വീകരി ക്കുവാൻ ഗവൺമെന്റ് തയ്യാറായിരിക്കും. എം.എൽ.എ ഉന്നയിച്ച ആവ ശ്യം പരിഗണിക്കുവാൻ ജില്ലാ കളക്ടറോട് ആവശ്യപ്പെടുന്നതാണ്.

## വരൾച്ച

ശ്രീ. ഷാഫി പറമ്പിൽ: സർ, വരൾച്ചയെ സംബന്ധിച്ച് അടിയന്തര പ്രമേയത്തിൽ ദീർഘമായ ചർച്ചകൾ നടന്നതുകൊണ്ട് ഞാൻ ഒരുപാട് സമയം എടുക്കുന്നില്ല. പാലക്കാട് ജില്ലയെ അതിൽ ഉൾപ്പെടുത്തണ മെന്ന ആവശ്യം ഞാൻ ഒന്നുകൂടി ഓർമ്മിപ്പിക്കുന്നു. മലമ്പുഴ ഡാമിൽ 113 മീറ്റർ ഉണ്ടായിരുന്ന വെള്ളം 109 ആയി കുറഞ്ഞിരുന്നു. അൽപ്പമെ ങ്കിലും ഭേദമെന്ന് പറയാവുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. ചുള്ളി യാറിലും മീങ്കരയിലും വാളയാറിലുമെല്ലാം വെള്ളത്തിന്റെ നിരപ്പ് കുറ ഞ്ഞിരിക്കുകയാണ്. 54.25 അടി ഉണ്ടായിരുന്ന ചുള്ളിയാറിലെ വെള്ളം 28 അടിയായി കുറഞ്ഞു. മീങ്കരയിൽ 37.3 അടിയുണ്ടായിരുന്ന വെള്ളം 28.5 അടിയായി കുറഞ്ഞിരിക്കുന്നു. 61.15 അടി വെള്ളം ഉണ്ടായിരുന്ന വാളയാറിൽ 37.5 അടിയായി കുറഞ്ഞിരിക്കുകയാണ്. രണ്ടാം വിളയിറ ക്കാതെ പതിനായിരത്തോളം ഹെക്ടർ തരിശിടാൻ കൃഷിക്കാർ തീരുമാ നിച്ചിരിക്കുകയാണ്. ഏകദേശം 40 ശതമാനത്തോളം മഴക്കുറവ് പറമ്പി ക്കുളം-ആളിയാർ പ്രദേശത്തുണ്ടെന്ന് കണക്കുകൾ തന്നെ വ്യക്തമാ ക്കുന്നു. നാളെ അടിയന്തരമായി സർക്കാർ കൂടാൻ തീരുമാനിച്ചിരി ക്കുന്ന മീറ്റിംഗിൽ പാലക്കാട് ജില്ലയെ വരൾച്ചാ ബാധിത പ്രദേശമായി പ്രഖ്യാപിക്കുവാനും സ്വതവേ കുടിവെള്ള പ്രശ്നം വളരെ രൂക്ഷമായിരി ക്കുന്ന ഈ പ്രദേശത്ത് കുടിവെള്ളം എത്തിക്കുന്നതിന് മന്ത്രി തന്നെ നേരിട്ട് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് ഒരു യോഗം വിളിക്കു

വാനുള്ള നടപടികളും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ ഓൺ ഫണ്ടില്ലാത്ത പഞ്ചായത്തുകൾക്ക് പ്ലാൻ ഫണ്ടിൽ നിന്ന് കുടിവെള്ളത്തിന് പ്രശ്നം പരിഹരിക്കുവാൻ തുക നീക്കിവയ്ക്കുവാൻ അടിയന്തരമായി ഇടപെടലുകൾ നടത്താൻ തയ്യാറാകണം. നാളെ നടക്കുന്ന മീറ്റിംഗിൽ പാലക്കാടിനെ വരൾച്ചാ ബാധിത പ്രദേശമായ പ്രഖ്യാപിക്കുമെന്ന പ്രതീക്ഷയാണ് സഭയിൽ പങ്കുവയ്ക്കുന്നത്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പാലക്കാട് ജില്ലാ വികസന സമിതി പാസ്സാക്കിയ പ്രമേയത്തിൻമേൽ ജില്ലാകളക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന ദുരന്ത സാധ്യത അപഗ്രഥന സെൽ പാലക്കാട് ജില്ലയിൽ ഈ വർഷം 26 മുതൽ 50 ശതമാനം വരെ മഴയുടെ അളവിൽ കുറവുള്ളതായി വിലയിരുത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ പാലക്കാട് ജില്ലയെ വരൾച്ച ബാധ്യത ജില്ലായായി പ്രഖ്യാപിക്കുന്നത് പരിശോധിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനായിട്ടുള്ള Kerala State Disaster Management Authority-യുടെ യോഗം നാളെത്തന്നെ ചേരുന്നതാണ്. പ്രസ്തുത യോഗത്തിൽ പാലക്കാട് ജില്ലയെ വരൾച്ച ബാധ്യത ജില്ലയായി പ്രഖ്യാപിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നുണ്ട്. മാത്രമല്ല

നമ്മുടെ സംസ്ഥാനത്തെ മിക്കവാറും എല്ലാ ജില്ലയിലും വരൾച്ച രൂക്ഷമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനം മൊത്തമായി വരൾച്ച ബാധിത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനുവേണ്ട തീരുമാനങ്ങൾ നാളെ കൈക്കൊള്ളുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട ശ്രീ. ഷാഫി പറമ്പിൽ സൂചിപ്പിച്ചത് പാലക്കാട് ജില്ലയിൽ അതിരൂക്ഷമായ വരൾച്ചയാണ് നേരിടുന്നത് എന്നാണ്. പല മെമ്പർമാരും ഇക്കാര്യം സൂചിപ്പിക്കുകയുണ്ടായി. ശ്രീ. ഷാഫി പറമ്പിൽ അക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്. എന്തായാലും അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

Uncorrected / Not for publication

## മത്സ്യത്തൊഴിലാളികളുടെ പുനരധിവാസം

ശ്രീ. വി. ശശി: സർ, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിലെയും പൂത്തുറ താഴമ്പള്ളി പ്രദേശത്തിലെയും മത്സ്യത്തൊഴിലാളികളെ അവരുടെ തൊഴിലിന് തടസ്സമുണ്ടാക്കാതെ പുനരധിവസിപ്പിക്കേണ്ടതിന്റെ അനിവാര്യതയിലേയ്ക്ക് സർക്കാരിന്റെ ശ്രദ്ധക്ഷണിക്കുവാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഈ പ്രദേശത്ത് ഏതാണ്ട് മൂന്നുലക്ഷത്തി മുപ്പത്താറായിരം ച.കി.മീറ്റർ ഭൂമി ആണുള്ളത്. 17973 കുടുംബങ്ങൾ ഇവിടെ അധിവസിക്കുന്നുണ്ട്. ഇവിടത്തെ ജനസാന്ദ്രത 5349 ആണ്. തിരുവനന്തപുരത്ത് അത് 1476-ഉം സംസ്ഥാനത്ത് 819-ഉം ആണ്. ഇത്രയും വർദ്ധിച്ച ജനസാന്ദ്രതയുള്ള മറ്റൊരു ഗ്രാമപഞ്ചായത്ത് കേരളത്തിൽ ഉണ്ടാകുമെന്ന് തോന്നുന്നില്ല. ഈ പ്രദേശത്ത് രണ്ട് പാലങ്ങളുടെ പണി ഏതാണ്ട് പൂർത്തിയാവുകയാണ്. അതിലൊന്ന് പെരുമാതുറ - താഴമ്പള്ളി പാലവും കായിക്കരക്കടുത്തായി ഒന്നാം പാലവും. ഈ രണ്ട് പാലങ്ങളുടെ പണി പൂർത്തിയാകുമ്പോൾ അതുവഴി വളരെ വർദ്ധിച്ച ഗതാഗതം ഉണ്ടാകുമെന്ന കാര്യം തീർച്ചയാണ്. തീരദേശത്തിലൂടെ പെരുമാതുറയിൽ നിന്ന് താഴമ്പള്ളിയിലേയ്ക്കും അഞ്ചുതെങ്ങിലേയ്ക്കും അതുവഴി വർക്കലയിലേയ്ക്കും തുടർന്ന് കൊല്ലത്തേയ്ക്കും പോകുവാനുള്ള വലിയ പാത രൂപം കൊള്ളുകയാണ്. ഈ താഴമ്പള്ളി പ്രദേശത്തും പൂത്തുറയും അഞ്ച് തെങ്ങിലും കടലിന്റെയും കായലിന്റെയും രണ്ട് സൈഡിലായി ഓല മേഞ്ഞ കുടിലുകളിലാണ് ആയിരക്ക

ണക്കിന് മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്നത്. ഇവരുടെ പുനരധിവാസം അടിയന്തരമായി ഗവൺമെന്റ് ഏറ്റെടുക്കേണ്ടതാണ്. ഇവരുടെ പുനരധിവാസം കൂടി ഉൾപ്പെടുത്തിക്കൊണ്ടാണ് കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ അഞ്ച്തെങ്ങ് ഗ്രാമപഞ്ചായത്തിനെ സമഗ്ര മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തിയത്. 13-ാം ധനകാര്യ കമ്മീഷന്റെ ധനസഹായം ലഭ്യമാക്കുമെന്നും പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം പ്രഖ്യാപിച്ച മത്സ്യഗ്രാമങ്ങളിൽ അഞ്ച്തെങ്ങ് ഗ്രാമത്തെ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഈ പുനരധിവാസ പദ്ധതികൾ കൂടി ഉൾപ്പെടുത്തികൊണ്ട് മത്സ്യഗ്രാമ പദ്ധതി അടിയന്തരമായി അവിടെ നടപ്പാക്കാനുള്ള തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു : സർ, മുതലപ്പൊഴി മത്സ്യബന്ധനതുറമുഖം, പെരുമാതുറ-താഴംപള്ളിപാലം എന്നിവയുടെ നിർമ്മാണം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണ് ഏറ്റെടുത്ത് നടത്തുന്നത്. എന്നാൽ അഞ്ചുതെങ്ങിലെ നെടുങ്കണ്ടം ഒന്നാം പാലം പണി പൊതുമരാമത്ത് വകുപ്പാണ് ചെയ്യുന്നത്. മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം പൂനയിലെ CWPRS - ന്റെ പഠനറിപ്പോർട്ടിനെ അടിസ്ഥാനമാക്കിയാണ് നിർമ്മിക്കുന്നത്. 31.2 കോടി രൂപയുടെ ഭരണാനുമതി നൽകി ഈ പദ്ധതിക്ക് RKVY-ൽ

ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഫ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ വ്യവസ്ഥ ചെയ്യുന്ന പാലത്തിന്റെ പ്രാഥമിക നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇതിന്റെ പ്രൈസ് ബിഡ് ഒരാഴ്ചയ്ക്കുള്ളിൽ തീരുമാനിക്കുന്നതാണ്. പ്രവൃത്തി ആരംഭിച്ച് 18 മാസത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കുവാനാണ് ഉദ്ദേശിക്കുന്നത്. പെരുമാതുറ-താഴംപള്ളി പാലം 21 കോടി രൂപ ചെലവിൽ NABARD സ്കീമിൽ ഉൾപ്പെടുത്തിയാണ് നിർമ്മിക്കുന്നത്. 250 മീറ്റർ നീളമുള്ള പാലത്തിന്റെ പില്ലർ പൂർത്തിയായിവരുന്നു. 2013 ഡിസംബറിനുള്ളിൽ പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഏറ്റെടുത്ത് ചെയ്യുന്ന മുതലപ്പൊഴി മത്സ്യബന്ധന തുറമുഖം പെരുമാതുറ-താഴംപള്ളി പാലം എന്നിവയ്ക്കായി ഏറ്റെടുത്ത സ്ഥലത്ത് ആൾതാമസമില്ലാത്തതിനാൽ ആരെയും പുനരധിവസിപ്പിക്കേണ്ട ആവശ്യകത ഇതുവരെ വന്നിട്ടില്ല. അതിനാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമായി ബന്ധപ്പെട്ട് പുനരധിവാസ നിർദ്ദേശങ്ങളൊന്നും നിലവിലില്ല. ഇതുമായി ബന്ധപ്പെട്ട പുനരധിവാസത്തെക്കുറിച്ച് ചൂണ്ടിക്കാണിച്ചതുകൊണ്ടാണ് ഞാൻ മറുപടി പറയുന്നത്. അഞ്ചുതെങ്ങ് പ്രദേശത്തെ മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് അദ്ദേഹം പറയുകയുണ്ടായി. ഏതായാലും സംയോജിത മത്സ്യഗ്രാമപദ്ധതിയിൽ അഞ്ചുതെങ്ങ് കൂടി ഉൾപ്പെടുത്തി രണ്ടുകോടി രൂപ ആ ഗ്രാമത്തിനുവേണ്ടി

അനുവദിച്ചിട്ടുണ്ട്. കൂടാതെ അവിടെ ഭവനനിർമ്മാണത്തെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചു. 12,000 വീടുകൾ മത്സ്യത്തൊഴിലാളികൾക്കുവേണ്ടി മൂന്ന് വർഷംകൊണ്ട് നിർമ്മിക്കുവാനാണ് ഫിഷറീസ് വകുപ്പ് ഇപ്പോൾ പ്ലാൻ ചെയ്തിട്ടുള്ളത്. ആ പദ്ധതിയിൽ അഞ്ചുതെങ്ങും കൂടി ഉൾപ്പെടുന്നുണ്ട്. ഏകദേശം 25,000 മത്സ്യത്തൊഴിലാളികൾക്ക് വീടുകളില്ല. അവർ പലരും ഓലമേഞ്ഞ വീടുകളിലാണ് താമസിക്കുന്നത്. പക്ഷേ ഘട്ടംഘട്ടമായി അവർക്ക് വീടുകൾ നിർമ്മിച്ചുകൊടുക്കാനാണ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. അഞ്ചുതെങ്ങും സംയോജിത മത്സ്യഗ്രാമവികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ച പ്രശ്നത്തിൽ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

**മദ്യനയം**

ശ്രീ. വി. പി സജീന്ദ്രൻ : സർ, യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ വ്യക്തമായ ലക്ഷ്യത്തോടുകൂടി ചില നടപടികൾ അബ്കാരി മേഖലയിൽ സ്വീകരിക്കുകയുണ്ടായി. അനിയന്ത്രിതമായ മദ്യപാനവും അതുവഴി സമൂഹത്തിലുണ്ടാകുന്ന സാമൂഹിക പ്രശ്നങ്ങളും ഗൗരവത്തോടുകൂടി ഈ സർക്കാർ വിലയിരുത്തി. വ്യാപകമായ മദ്യലഭ്യത, അമിത മദ്യപാനം എന്നീ ദുശ്ശീലത്തിലേയ്ക്ക് തലമുറയെ നയിക്കുവാനുള്ള സാഹചര്യം വിലയിരുത്തപ്പെടുകയും സമൂഹത്തിൽ മദ്യാസക്തി കുറച്ചുകൊണ്ടു വരുവാൻ സർക്കാർ പുതിയ രൂപം നൽകുകയുമുണ്ടായി. ശക്തമായ ബോധവൽക്കരണം നടത്തി മദ്യവർജ്ജനം പ്രാവർത്തികമാക്കാൻ അനവധി നടപടികൾ സ്വീകരിച്ചു. ഈ നടപടികളെ സമൂഹം വളരെ പ്രതീക്ഷയോടെയാണ് നോക്കിക്കാണുന്നത്. സർക്കാർ മേഖലയിൽ പുതിയ മദ്യഷാപ്പുകൾ അനുവദിക്കില്ല; മദ്യം വാങ്ങാനുള്ള പ്രായപരിധി വർദ്ധിപ്പിച്ചു; മദ്യഷാപ്പുകളുടെ പ്രവർത്തന സമയം 3 മണിക്കൂർ കുറച്ചു; ബാറുകൾക്ക് ദൂരപരിധി ഏർപ്പെടുത്തി; കൈവശം വയ്ക്കാവുന്ന മദ്യത്തിന്റെ അളവ് കുറച്ചു; എക്സൈസ് സേനയെ നവീകരിച്ചുകൊണ്ട് ശക്തമായ എൻഫോഴ്സ്മെന്റ് നടപടികൾ ആരംഭിച്ചു; കോടിക്കണക്കിന് രൂപ ചെലവഴിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. എന്നാൽ ഈ ലക്ഷ്യം

പൂർണ്ണമായി നേരിടുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടേയും ചില വിധികൾ വിലങ്ങുതടിയാകുന്ന സാഹചര്യം നിലവിലുണ്ടോയെന്നും ഇത് സർക്കാരിന്റെ മദ്യനയം നടപ്പാക്കുവാൻ പ്രയാസമുണ്ടാക്കുന്നുണ്ടോയെന്നും ഇത്തരം പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കണമെന്നുമാണ് സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ശ്രീ. കെ. ബാബു : സർ, സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മദ്യാസക്തിയും അതിൽ നിന്ന് ഉടലെടുക്കുന്ന ഗുരുതരമായ സാമൂഹിക പ്രത്യാഘാതങ്ങളും ഗൗരവമായി കണക്കിലെടുത്തുകൊണ്ടാണ് കർക്കശമായ മദ്യനയത്തിന് സർക്കാർ രൂപം നൽകിയത്. ആ നയത്തിൽ ഉൾക്കൊള്ളുന്ന കാര്യങ്ങളെക്കുറിച്ച് അദ്ദേഹം വിശദീകരിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ഏതായാലും ത്രീ സ്റ്റാർ ഹോട്ടലുകൾക്ക് എഫ്.എൽ.3 ലൈസൻസുകൾ നൽകേണ്ടെന്നും ഫോർ സ്റ്റാർ ഹോട്ടലുകൾക്ക് അടുത്ത മാർച്ച് 31 വരെ മാത്രമേ ലൈസൻസ് കൊടുക്കാവൂ എന്നും ബാർ ഹോട്ടലുകൾ തമ്മിലുള്ള ദൂരപരിധി നിശ്ചയിക്കുകയും ചെയ്തുകൊണ്ടുള്ള കേരള ഗവൺമെന്റിന്റെ മദ്യനയത്തിന് ഇന്നൊരു പ്രതിസന്ധിയുണ്ട്. അതിന്റെ കാരണം, ഗവൺമെന്റ് കൊണ്ടുവന്ന മദ്യനയത്തിന്റെ ചിറകരിയുന്ന

രൂപത്തിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി ഒരു ഓർഡർ ഇറക്കിയത്. വിവിധ ബാർ ഹോട്ടലുകൾ ടി ഉത്തരവുകൾക്കെതിരെ കോടതിയെ സമീപിച്ചു. 27/07/2012-ലെ ഉത്തരവുപ്രകാരം ഗവൺമെന്റ് കൊണ്ടുവന്ന എല്ലാ വ്യവസ്ഥകളും റദ്ദു ചെയ്തിരിക്കുകയാണ്. 17/08/2011-ൽ സർക്കാർ പ്രഖ്യാപിച്ച 2011 – 2012-ലെ മദ്യനയത്തിൽ പുതിയതായി ബാർ ഹോട്ടലുകൾ അനുവദിക്കുമ്പോൾ രണ്ട് ഹോട്ടലുകൾ തമ്മിൽ പഞ്ചായത്ത് പ്രദേശത്ത് 3 കി.മീറ്ററും മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിൽ 1 കി.മീറ്ററും ദൂരം നിജപ്പെടുത്തുകയും അതനുസരിച്ച് 27/03/2012-ലെ ഉത്തരവുപ്രകാരം ഭേദഗതി കൊണ്ടുവരികയും ചെയ്തു. ഗവൺമെന്റ് സദുദ്ദേശത്തോടെ കൊണ്ടുവന്ന മദ്യനയം  ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റദ്ദാക്കി. സുപ്രീംകോടതി അതിന് സ്റ്റേ അനുവദിച്ചിട്ടില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി വിധിക്ക് എതിരായി സുപ്രീകോടതിയിൽ സംസ്ഥാന ഗവൺമെന്റ് ഒരു SLP ഫയൽ ചെയ്തു. സ്റ്റേ ആവശ്യപ്പെട്ടെങ്കിലും ലഭിച്ചിട്ടില്ല.  ഇപ്പോൾ കേസ് എട്ടാഴ്ചക്കാലത്തേയ്ക്ക് മാറ്റിവച്ചിരിക്കുകയാണ്. ഏതായാലും സുപ്രീംകോടതി ആ കേസ്സുമായി ബന്ധപ്പെട്ട് ഒരു നിലപാട് സ്വീകരിച്ചു. കേരള ഹൈക്കോടതി ഗവൺമെന്റിന്റെ നയം റദ്ദാക്കിയെങ്കിലും  സ്റ്റേ തന്നില്ല. സുപ്രീംകോടതിയിൽ സ്റ്റേയ്ക്ക് SLP മൂവ് ചെയ്തു.

സ്റ്റേയ്ക്കുവേണ്ടി ആവശ്യപ്പെട്ടെങ്കിലും സ്റ്റേ അനുവദിച്ചില്ല. അതിന്റെ അടിസ്ഥാനത്തിൽ സുപ്രീംകോടതി അനുവദിച്ച 8 ആഴ്ചത്തെ കാലാവധി 14/11/2012-ൽ അവസാനിച്ചു. കേരള ഹൈക്കോടതി ഗവൺമെന്റിന്റെ മദ്യനയം റദ്ദാക്കുകയും സുപ്രീംകോടതിയിൽ സ്റ്റേ കിട്ടാതിരിക്കുകയും ചെയ്ത സാഹചര്യത്തിൽ വലിയൊരു പ്രതിസന്ധി നേരിടുന്നുണ്ട്. 8 ആഴ്ച സമയം അനുവദിച്ചപ്പോൾ ആ 8 ആഴ്ചയ്ക്കുള്ളിൽ കേസ്സിൽ ഉൾപ്പെട്ട അപേക്ഷകർക്കെല്ലാം ബാർ ലൈസൻസ് കൊടുക്കേണ്ടി വന്ന ഒരു പ്രതിസന്ധിയാണ് ഇപ്പോഴുള്ളത്. അത് മറികടക്കുവാൻ പറ്റുമോയെന്ന് പരിശോധിക്കുവാൻ പഞ്ചായത്ത് രാജ് നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ട് പഞ്ചായത്തുകളിൽകൂടി, മുനിസിപ്പൽ പഞ്ചായത്തിന്റെയും കോർപ്പറേഷന്റേയും അനുമതിയുണ്ടെങ്കിൽ മാത്രമേ ബാർ ലൈസൻസ് കൊടുക്കാൻ പാടുള്ളു എന്ന വ്യവസ്ഥ ഉൾപ്പെടുത്തി ഓർഡിനൻസിലൂടെ ഒരു ഭേദഗതി കൊണ്ടുവന്നിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് മദ്യവിരുദ്ധസമിതി ബഹുമാനപ്പെട്ട സുപ്രീംകോടതി മുമ്പാകെ ഒരു SLP ഫയൽ ചെയ്തിട്ടുണ്ട്. അത് സുപ്രീംകോടതി ചീഫ് ജസ്റ്റീസിന്റെ ബഞ്ചിലാണ് വന്നിട്ടുള്ളത്. ഈ കേസ് 9/01/2013-ലേയ്ക്ക് പോസ്റ്റ് ചെയ്തിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് ആഗ്രഹിക്കുന്നതുപോലൊരു മദ്യനയം നടപ്പാക്കുന്നതിൽ കോടതികളുടെ ഇടപെടൽമൂലമുള്ള ഒരു പ്രതിസന്ധി ഇന്നുണ്ട്.

Uncorrected / Not for publication

അതിനെ മറികടക്കാൻ എങ്ങനെ സാധിക്കുമെന്നുള്ളത് പരിശോധിക്കുകയാണ്. സുപ്രീംകോടതി അനുവദിച്ച സമയപരിധി കഴിയുകയും ചെയ്തു. Contempt വരാനുള്ള സാധ്യതകളുണ്ട്. contempt വന്നാൽ ഈ കാര്യത്തിൽ സുപ്രീംകോടതി പറഞ്ഞതുപോലെയുള്ള കാര്യങ്ങൾ ചെയ്യേണ്ടിവരും. ഗവൺമെന്റ് കൊടുത്ത SLP-യും മദ്യനിരോധന സമിതി കൊടുത്ത SLP-യും സുപ്രീംകോടതിയിൽ ചീഫ് ജസ്റ്റീസിന്റെ പരിഗണനയിൽ വന്നിരിക്കുകയാണ്. നേരത്തെ ഹൈക്കോടതി പുറപ്പെടുവിച്ച വിധിയെ മറികടക്കാൻ സാധ്യമാണോയെന്ന് ഗവൺമെന്റ് പരിശോധിക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. വി. പി. സജീന്ദ്രൻ പ്രകടിപ്പിച്ച ആശങ്ക നൂറു ശതമാനവും ശരിയാണ്. ഗവൺമെന്റിന് ഇക്കാര്യത്തിിൽ വലിയൊരു പ്രതിസന്ധിയുണ്ട്; അത് മറികടക്കാനുള്ള ശ്രമമാണ് നടക്കുന്നത്.

## ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി

ശ്രീ. എം. ചന്ദ്രൻ : സർ, പാലക്കാട് ജില്ലയിൽ രൂക്ഷമായ വരൾച്ച ബാധിച്ചിരിക്കുകയാണ്. ഡാമുകളിൽ വെള്ളമില്ലാത്തതിന്റെ ഭാഗമായി വയലേലകളൊക്കെ വറ്റി വരണ്ടുകഴിഞ്ഞിരിക്കുന്നു. മലമ്പുഴ ഡാമിന്റെ ആയക്കെട്ട് ഏരിയയിൽ കിടക്കുന്ന പ്രദേശങ്ങളാണ് കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി പഞ്ചായത്തുകൾ. ഈ പഞ്ചായത്തുകൾക്ക് ഒരു സമഗ്ര കുടിവെള്ള പദ്ധതി കഴിഞ്ഞവർഷം രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. 30 കോടിയോളം രൂപ ചെലവായതായാണ് കണക്കാക്കിയിട്ടുള്ളത്. രണ്ടുഘട്ടങ്ങളിലായി ബഹുമാനപ്പെട്ട മന്ത്രി മുൻകൈ എടുത്തുകൊണ്ട് 22 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അത് അദ്ദേഹം ചോദ്യത്തിന്റെ മറുപടിയിൽ വ്യക്തമാക്കിയതുമാണ്. 8 കോടി രൂപകൂടി ഉടനെ അനുവദിച്ചെങ്കിൽ മാത്രമേ 3 ടാങ്കുകളുടെ പണികൂടി നടത്തി ശരിയായ രീതിയിൽ എല്ലാവർക്കും വെള്ളം ലഭ്യമാക്കാൻ കഴിയൂ. വരൾച്ച രൂക്ഷമായിട്ടുള്ള ഈ സന്ദർഭത്തിൽ ജനങ്ങൾക്ക് കുടിവെള്ളം കൊടുക്കാനുള്ള പ്രസ്തുത പദ്ധതി അടിയന്തരമായി പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, കുഴൽമന്ദം, തേങ്കുറിശ്ശി, കണ്ണാടി ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളത്തിന്റെ ഗുണനിലവാരം കുറവുള്ള പ്രദേശങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിന് ഒരു സമഗ്ര കുടിവെള്ള പദ്ധതി കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിയിരുന്നു. 2785 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഒരു പദ്ധതിയായിരുന്നു രൂപകല്പന ചെയ്തിരുന്നത്. ഒന്നാം ഘട്ടത്തിനായി 1500 ലക്ഷം രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി. ഇതിൽ സ്രോതസ്സായ ഭാരതപ്പുഴയിലുള്ള കിണറുകളുടെ പുനരുദ്ധാരണ പണികൾ, കിണറ്റിൽനിന്ന് ശുദ്ധീകരണശാലയിലേയ്ക്ക് ജലമെത്തിക്കാനാവശ്യമായ പമ്പും പൈപ്പും സ്ഥാപിക്കുന്ന പ്രവൃത്തികൾ, 9.5 ദശലക്ഷം ലിറ്റർ ശേഷിയുള്ള ജലശുദ്ധീകരണശാല നിർമ്മിക്കൽ, ജലശുദ്ധീകരണ ശാലയിൽനിന്നും നിലവിലുള്ളതും പുതിയതായി നിർമ്മിക്കുന്നതുമായ ഉന്നതതല ജലസംഭരണികളിലേയ്ക്ക് ശുദ്ധജലമെത്തിക്കുന്നതിനുള്ള പമ്പുകളും പൈപ്പുകളും സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവ ഉൾപ്പെടുന്നു. 1300 ലക്ഷം രൂപ അടങ്കൽ തുകയുള്ള രണ്ടാംഘട്ട പ്രവൃത്തികൾക്ക് വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് എസ്.എൽ.എസ്.സി.-യിൽ സമർപ്പിച്ചുവെങ്കിലും 700 ലക്ഷം രൂപയാക്കി ചുരുക്കിയിരുന്നു. ഭരണാനുമതി നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## കനോലി കനാൽ വികസനം

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്ന കനോലി കനാൽ വളരെ പൗരാണികമായ ഒരു ജല പാതയാണ്. 1848-ൽ മലബാർ കളക്ടറായിരുന്ന ബ്രിട്ടീഷുകാരൻ ആർ. കനോലി പണിതതാണ് ഈ കനാൽ. ജില്ലയിൽ താനൂരിൽ ഉണ്ണി യാൻ മുതൽ പൂരപ്പുഴ വരെയുള്ള ഭാഗത്ത്, ഏറ്റവും കൂടുതൽ ജന സാന്ദ്രതയുള്ള പ്രദേശത്ത് കൂടിയാണ് ഇത് കടന്നുപോകുന്നത്. ഇരു കരകൾ ഇടിഞ്ഞും മാലിന്യങ്ങൾ നിക്ഷേപിച്ചും പ്രസ്തുത കനാൽ ഇപ്പോൾ ആ നാടിന് ഒരു ശാപമായി മാറിയിരിക്കുകയാണ്. കോരപ്പുഴ മുതൽ കൂട്ടായി വരെ ടൂറിസം കേന്ദ്രമാക്കുമെന്നും കോരപ്പുഴ ടൂറിസം കേന്ദ്രത്തിൽ നിന്ന് കൂട്ടായി ടൂറിസം കേന്ദ്രത്തിലേയ്ക്ക് ജലഗതാഗത സർവ്വീസ് ആരംഭിക്കുമെന്നുമൊക്കെ കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാ പിച്ചതാണ്. പക്ഷേ ഇറിഗേഷൻ വകുപ്പ് ദേശീയ ജലപാത പദ്ധതി നടപ്പി ലാക്കിയാൽ മാത്രമേ ഇത് യാഥാർത്ഥ്യമാക്കാൻ കഴിയുകയുള്ളു. കനാലിന്റെ ഇരുകരകളിലും ജനങ്ങൾക്ക് താമസിക്കാൻ ഉതകുന്ന സാഹചര്യങ്ങളൊരുക്കിയത് കഴിഞ്ഞ കാലങ്ങളിൽ തദ്ദേശസ്വയംഭരണ വകുപ്പും അതുപോലെതന്നെ വിവിധ വകുപ്പുകൾ നടത്തിയ നിർമ്മാണ പ്രവർത്തനങ്ങളുടേയും ഫലമായിട്ടാണ്. ഇപ്പോഴും ഡി.ആർ.ഡി.എ. -യുടെ അഞ്ച് കോടി രൂപയുടെ പ്രവൃത്തിയും ഹാർബർ എഞ്ചിനീയ റിംഗ് വകുപ്പിന്റെ പ്രവൃത്തിയും അവിടെ നടക്കുകയാണ്. പക്ഷേ

ദേശീയ ജലപാത എന്ന് നടപ്പിലാകുമെന്ന് പറയാൻ കഴിയില്ല. അതു വരെ അവിടെയുള്ള ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത വിധം ഈ കനാൽ മലീമസമായി കിടക്കുകയാണ്. ഏത് സമയത്തും എന്ത് പകർച്ചവ്യാധിയും സംഭവിക്കാവുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ മാറു കയാണ്. അതുകൊണ്ട് അവിടെ നടക്കുന്ന നിർമ്മാണ പ്രവർത്തന ങ്ങൾക്ക് ഇപ്പോൾ തടസ്സം നിൽക്കാതെ, ദേശീയ ജലപാതയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന സമയത്ത് ഇത് പൊളിച്ച് മാറ്റാൻ അവസരം കൊടുക്കുന്ന വിധം ഒരു നിയമനിർമ്മാണം ഉണ്ടാക്കണമെന്നും അതോടൊപ്പം തന്നെ അതിന് അനുമതി നൽകണ മെന്നും ഈ ദേശീയ ജലപാത എത്രയുംവേഗം യാഥാർത്ഥ്യമാക്കുന്ന തിന് സർക്കാർ നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, മലപ്പുറം ജില്ലയിലെ തിരൂരിന് വടക്കുപടിഞ്ഞാറ് ഉണ്ണിയാൻ മുതൽ വടക്ക് കോര പ്പുഴ വരെ ഏകദേശം 9.5 കിലോമീറ്റർ നീളമാണ് കനോലി കനാലിനുള ളത്. മലപ്പുറം ജില്ലയിലെ കനോലി കനാലിന്റെ ജലപാത വികസനപ്ര വർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന ജലപാത നിലവാരത്തിൽ പൊന്നാനി, താനൂർ, കൊണ്ടോട്ടി മണ്ഡലങ്ങളിലായി ഏകദേശം 3 കിലോമീറ്റർ നീളത്തിൽ പന്ത്രണ്ടാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെ ടുത്തി നവീകരണ പ്രവൃത്തികൾ നടത്തുകയുണ്ടായി. ഇതിൽ അര

കിലോമീറ്റർ നീളം താനൂർ മണ്ഡലത്തിലാണ്.  പുതുക്കിയ ഭരണാനുമതിപ്രകാരം 6 കോടി രൂപയ്ക്കാണ് അനുമതി നൽകിയിട്ടുള്ളത്.  ഭരണാനുമതി നൽകിയിട്ടുള്ള ഭാഗങ്ങൾ പൊന്നാനി, തിരൂർ മണ്ഡലങ്ങളിലാണ് ഉൾപ്പെടുന്നത്.  പുതുക്കിയ ഭരണാനുമതി പ്രകാരമുള്ള പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.  താനൂർ മണ്ഡലത്തിൽ ഉൾപ്പെടുന്ന കനോലി കനാൽ ഭാഗങ്ങളിൽ ശരാശരി വീതി 30 മീറ്ററാണ്.  ചില ഭാഗങ്ങളിൽ 40 മീറ്റർ വരെയുണ്ടെങ്കിലും പല ഭാഗങ്ങളിലും പാർശ്വഭിത്തി നിർമ്മാണത്തിനും ജെട്ടിയുമുൾപ്പടെയുള്ള മറ്റു വികസന പ്രവർത്തനങ്ങൾക്കും നിലവിലുള്ള ഭൂമി പര്യാപ്തമല്ല. ഈ സാഹചര്യത്തിലും കേരളത്തിന്റെ പ്രധാനപ്പെട്ട വികസന സംരംഭമായ ദേശീയ ജലപാത വികസനത്തിനുമായി ജലവിഭവ വകുപ്പ് തയ്യാറെടുപ്പ് നടത്തുന്നതിനാലുമാണ് കൈവശമുള്ള പരിമിതമായ മറ്റു വകുപ്പുകളുടെ വികസന പ്രവർത്തനങ്ങൾക്കായി വിട്ടുകൊടുക്കാൻ ഇറിഗേഷൻ വകുപ്പിന് സാധിക്കാത്തത്. താനൂർ മണ്ഡലത്തിൽ കനോലി കനാലിൽ താനൂർ നഗരത്തോട് ചേർന്ന് നിൽക്കുന്ന ഭാഗങ്ങളിലാണ് മാലിന്യ നിക്ഷേപമുള്ളത്.  ഈ പ്രദേശം ജനസാന്ദ്രത കൂടിയതിനാൽ ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തി, കനാലിൽ മാലിന്യ നിക്ഷേപം നടത്തുന്നത് പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. ഇതിൽ നിർണ്ണായക പങ്കുവഹിക്കേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണ്.  കനാലിന്റെ തീരം സംരക്ഷിക്കുകയും ആഴം കൂട്ടി കനാൽ ഗതാ

ഗത യോഗ്യമാക്കുകയും ചെയ്യുന്ന പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയനുസരിച്ചും മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചും ജലവിഭവ വകുപ്പ് നടപ്പാക്കുന്നതാണ്.

Uncorrected / Not for publication

## പാറ്റൂർ കുടിവെള്ള പദ്ധതി

ശ്രീ. ആർ. രാജേഷ്: സർ, മാവേലിക്കര മണ്ഡലത്തിലെ നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി അടിയന്തരമായി പൂർത്തീകരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രദേശമാണ് മാവേലിക്കര. മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റിയിലും അതിരൂക്ഷമായ കുടിവെള്ള ക്ഷാമമാണ് അനുഭവപ്പെടുന്നത്. തുടർച്ചയായി കാര്യക്ഷമമായി ജലവിതരണം നടത്താനുള്ള സംവിധാനങ്ങൾ ജലവിഭവ വകുപ്പിനില്ല. ഈ കുടിവെള്ള പദ്ധതികളാകെ മുടങ്ങിക്കിടക്കുകയാണ്. ജനുവരി മാസം മുതൽ ടാങ്കറുകളിലാണ് ഈ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നത്. നൂറനാട്, പാറമേൽ, ചുനക്കര എന്നീ മൂന്ന് പഞ്ചായത്തുകളിലെ കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയുന്ന പദ്ധതിയാണ് പാറ്റൂർ കുടിവെള്ള പദ്ധതി. മഴയുടെ കുറവും ജലസംഭരണികൾ ഇല്ലാതായതുംകാരണം ഈ വർഷം കടുത്ത വരൾച്ച വളരെ നേരത്തെ തന്നെ ഉണ്ടായിരിക്കുകയാണ്. 1998-ലാണ് പാറ്റൂർ പദ്ധതി ആരംഭിച്ചത്. 14 വർഷക്കാലം പിന്നിടുമ്പോഴും പ്രസ്തുത പദ്ധതി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കോട്ടയം പ്രോജക്ട് ഡിവിഷനാണ് ഇതിന്റെ പ്രവർത്തനം നടത്തുന്നത്. കടുത്ത അനാസ്ഥയാണ് ഈ പദ്ധതിയുടെ മുന്നോട്ടുള്ള പ്രയാണത്തിൽ ഉണ്ടായിരിക്കുന്നത്. സാങ്കേതിക

കാരണങ്ങൾ പറഞ്ഞുകൊണ്ട് കുടിവെള്ളക്ഷാമം പരിഹരിക്കാനാവശ്യമായ പദ്ധതികൾക്ക് അലംഭാവം വരുത്തിയാൽ രൂക്ഷമായ കുടിവെള്ള പ്രശ്നത്തിന്റെ ഭാഗമായി ജനങ്ങൾ വലിയ ബുദ്ധിമുട്ടിലാകും. അതുകൊണ്ട് ഈ പദ്ധതി അടിയന്തിരമായി പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, മാവേലിക്കര നിയോജകമണ്ഡലത്തിലെ ചുനക്കര നൂറനാട്, പാലമേൽ എന്നീ പഞ്ചായത്തുകൾക്ക് വേണ്ടി വിഭാവനം ചെയ്തതാണ് പാറ്റൂർ കുടിവെള്ള പദ്ധതി. ഇതിന്റെ ഒന്നാം ഘട്ടത്തിൽ ചുനക്കര നൂറനാട് പഞ്ചായത്തും, രണ്ടാംഘട്ടത്തിൽ പാലമേൽ പഞ്ചായത്തുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. അച്ചൻകോവിലാറിൽ ഇടത്തോളിൽ നിലവിലുള്ള കിണറും പമ്പ് ഹൗസുമാണ് ഈ പദ്ധതിക്ക് പ്രയോജനപ്പെടുത്തുന്നത്. ഇടത്തോളിൽ നിന്നും ജലം പാറ്റൂരിൽ നിർമ്മിച്ചിരിക്കുന്ന 10 ദശലക്ഷം ലിറ്റർ ശുദ്ധീകരണശാലയിൽ എത്തിച്ച് ശുദ്ധീകരിച്ച് പാറ്റൂർ, മാറാപ്പള്ളിമല, നൂറനാട് ലെപ്രസി സാനിറ്റോറിയം, ചുനക്കര പി.എച്ച്. സെന്റർ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ജലസംഭരണികളിൽ എത്തിച്ച് ടി പഞ്ചായത്തുകളിൽ വിതരണം നടത്തുവാനാണ് നിശ്ചയിച്ചിരിക്കുന്നത്. പദ്ധതിയുടെ ഒന്നാം ഘട്ടവും രണ്ടാം ഘട്ടവും ഉൾപ്പെടെ 1145 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇടത്തോളിൽനിന്നും പാറ്റൂരിലേ

യ്ക്കുള്ള 2800 മീറ്റർ പൈപ്പ് ലൈനിന്റേയും ശുദ്ധീകരണ ശാലയുടെയും പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് ജലസംഭരണികളുടെയും ട്രാൻസ്മിഷൻ ലൈനുകളുടെയും പണികൾക്ക് എഗ്രിമെന്റ് വച്ചിട്ടുണ്ട്. ശുദ്ധീകരണശാലയിൽ ഇലക്ട്രിസിറ്റി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ അതിനുള്ള പണം അടച്ച് കെ.എസ്.ഇ.ബി. ആഫീസിൽ അപേക്ഷ നൽകിയിട്ടുണ്ട്. ഇലക്ട്രിസിറ്റി കണക്ഷൻ ലഭിച്ചാലുടൻ ശുദ്ധീകരണശാലയുടെ പ്രവർത്തനം ആരംഭിച്ച് പദ്ധതി ഭാഗീകമായി കമ്മീഷൻ ചെയ്യാൻ കഴിയുന്നതാണ്. പാറ്റൂരിൽ നിലവിലുള്ള ഉന്നത തല സംഭരണികളും വിതരണശൃംഖലയും ഉൾപ്പെടുത്തി ജലവിതരണം നടത്താനും പദ്ധതിയുടെ ബാക്കി പണികൾ പൂർത്തികരിച്ച് 2013 ഡിസംബർ മാസത്തോടെ പൂർണ്ണമായി പ്രവർത്തന സജ്ജമാക്കാനും ലക്ഷ്യമിട്ടിരിക്കുന്നു.

Uncorrected / Not for publication

## മുനയം സ്ഥിരം ബണ്ട് നിർമ്മാണം

ശ്രീമതി ഗീതാഗോപി: സർ, ഉപ്പുവെള്ളം തടയുന്നതിന് മുനയത്ത് സ്ഥിരം ബണ്ട് നിർമ്മിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള സബ്മിഷനാണ് ഉന്നിയക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽപ്പെടുന്ന വിവിധ പഞ്ചായത്തുകളിലായി വ്യാപിച്ച് കിടക്കുന്ന കോൾനിലങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും കുടിവെള്ളം സംരക്ഷിക്കുന്നതിനുമായി കരുവന്നൂർ പുഴയ്ക്ക് കുറുകെ കാലാകാലങ്ങളായി എല്ലാ വർഷവും നവംബർ-ഡിസംബർ മാസങ്ങളിൽ താൽക്കാലിക ബണ്ട് നിർമ്മിച്ചുവരികയാണ്. പ്രതിവർഷം 25 ലക്ഷത്തിലധികം വരുന്ന തുക ഇതിനായി സർക്കാർ വിനിയോഗിച്ചുകൊണ്ടിരിക്കുകയാണ്. ബണ്ട് നിർമ്മിക്കാൻ കാലതാമസം വരുന്ന വർഷങ്ങളിൽ ഏകദേശം 13,000 ഏക്കറിലധികം വരുന്ന കൃഷി സ്ഥലം ഉപ്പുവെള്ളം കയറി നശിക്കാനും താന്നിയം, അന്തിക്കാട്, ചാഴൂർ, കാട്ടൂർ പഞ്ചായത്തുകളിലെ ജനങ്ങളുടെ കുടിവെള്ള പ്രശ്നവും വളരെ രൂക്ഷമായിരിക്കുകയാണ്. ഇതിനെ പ്രതിരോധിക്കാൻ ഓരോ വർഷവും 25 ലക്ഷത്തിലധികം രൂപയാണ് താൽക്കാലിക ബണ്ടിനായി ചെലവ് വരുന്നത്. സർക്കാർ വൻ തുക നഷ്ടമാണ് വരുത്തുന്നത്. ഇത് ഒഴിവാക്കുന്നതിനും ഉപ്പുവെള്ള ഭീഷണിയിൽ നിന്നും ഈ പ്രദേശത്തെ സംരക്ഷിക്കുന്നതിനും മുനയത്ത് ഒരു സ്ഥിരം ബണ്ട് സർക്കാർ ചെലവിൽ നിർമ്മിക്കണമെന്നത് ജനങ്ങളുടെ ഒരു ചിരകാല അഭിലാഷമാണ്. കഴിഞ്ഞ സർക്കാരിന്റെ

കാലത്ത് ബഹുമാനപ്പെട്ട എം.എൽ.എ. വി.എസ്. സുനിൽ കുമാറിന്റെ നേതൃത്വത്തിൽ സ്ഥിരം ബണ്ട് നിർമ്മിക്കാൻ ആറര കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ നാളിതുവരെയായിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചതായി കാണുന്നില്ല. ഇതുമായി ബന്ധപ്പെട്ട് സെക്ഷനിൽ അന്വേഷിച്ചപ്പോൾ ഇറിഗേഷൻ വകുപ്പ് അധികൃതർ സ്ഥലപരിശോധന നടത്തി ബണ്ട് ഡിസൈൻ ചെയ്യുന്നതിനായി ഫയൽ ഇപ്പോഴും ഐ.ഡി. ആർ.ബി സെക്ഷനിൽ കിടക്കുകയാണെന്നാണ് അറിയാൻ കഴിഞ്ഞത്. കുറ്റകരമായ അനാസ്ഥയും കാലതാമസവുമാണ് ഔദ്യോഗിക തലത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഐ.ഡി.ആർ.ബി.-യിൽ നിന്ന് ബണ്ടിന്റെ ഡിസൈൻ ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ആവശ്യമായ തുക നിർമ്മാണത്തിന് വകയിരുത്തണമെന്നാണ് അഭിപ്രായപ്പെടാനുള്ളത്. ബണ്ട് നിർമ്മാണത്തിന് ഇനിയും കാലതാമസം വരുത്തുന്നത് സർക്കാരിന് വമ്പിച്ച സാമ്പത്തിക ബാദ്ധ്യത സൃഷ്ടിക്കും. ഈ സാഹചര്യത്തിൽ ഈ പ്രദേശത്തെ ജനങ്ങളുടെ ജീവനോപാധിയായ കൃഷിയും കുടിവെള്ളവും ഉപ്പുവെള്ള ഭീഷണിയിൽ നിന്ന് സംരക്ഷിക്കുന്നതിന് കാലതാമസം വരുന്തോറും സർക്കാരിനുണ്ടാകുന്ന അധിക സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിനും ലക്ഷക്കണക്കിന് ജനങ്ങളുടെ ചിരകാല അഭിലാഷം സാക്ഷാത്ക്കരിക്കുന്നതിനും സ്ഥിരം മുനയം ബണ്ടിന്റെ നിർമ്മാണത്തിന് സത്വര നടപടികൾ സ്വീകരിച്ച് ഫണ്ട്

ഉൾപ്പെടുത്തിക്കൊണ്ട് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, കരുവന്നൂർ പുഴയിൽ മുനയത്ത് സ്ഥിരം റെഗുലേറ്റർ നിർമ്മാണത്തിനായി 6.50 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നുവെങ്കിലും അതീവ സങ്കീർണ്ണകാര്യങ്ങൾ ഉൾക്കൊള്ളുന്ന പദ്ധതിയായതിനാൽ ഡിസൈൻ തയ്യാറാക്കുന്നതിന് കൂടുതൽ സമയം ആവശ്യമായി വന്നു. റെഗുലേറ്റർ നിർമ്മിക്കുന്ന സ്ഥലം കടലിനോടടുത്തായതുകൊണ്ട് വേലിയിറക്കത്തിന്റെ സ്വാധീനം കൂടുതലാണെന്നു മാത്രമല്ല വെള്ളത്തിന്റെ ആഴം 9 മീറ്ററോളം ഉള്ളതായി മനസ്സിലാക്കാനും കഴിഞ്ഞു. വേലിയിറക്ക സമയത്ത് അണ നിർമ്മിക്കുവാനും അതിനു മുകളിൽ പരമാവധി സംഭരണ നിരപ്പുവരെ ഷട്ടർ ഇടാനുമായിരുന്നു നിർദ്ദേശം. ഇതനുസരിച്ച് രൂപകൽപ്പനയ്ക്കുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. ഡിസൈനുവേണ്ടി കൂടുതൽ വിവരങ്ങൾ ഇടയ്ക്കിടയ്ക്ക് ലഭ്യമാക്കേണ്ടതായി വന്നിട്ടുണ്ട്. നദിയുടെ തറനിരപ്പ് മുതൽ ലോ ടൈഡ് ലെവൽ വരെ 7.8 മീറ്റർ ഉയരമുള്ളതിനാൽ വിയർ നിർമ്മിക്കുന്നത് ഒരു ചെറിയ അണക്കെട്ടിനു തുല്യമായ നിർമ്മിതി ആകുമെന്നതിനാൽ 02/2012-ൽ വിശദമായ ചർച്ച നടത്തുകയും വിയറിന് പകരം 4 മീറ്റർ പൊക്കം വരെ വിയറുകളെ തമ്മിൽ ബന്ധിപ്പിച്ച് ഒരു ആർ.സി.സി. ഭിത്തി നിർമ്മിക്കാനും അതിന്

മുകളിൽ ഫുൾ റിസർവോയർ ലെവൽ വരെ ഷട്ടർ ഇടാനും നദിയുടെ മൊത്തം വീതിയിൽ ഒരു ഒറ്റ പൈൽ ക്യാപ്പ് നിർമ്മിക്കാനും നിർദ്ദേശം നൽകിയെങ്കിലും പദ്ധതി ച്ചെലവ് അധികമാണെന്ന് മനസ്സിലായതു കൊണ്ട് പുനർ രൂപകല്പന തീരുമാനിക്കുകയും ചെയ്തു. പ്രസ്തുത ഡിസൈൻ ഏകദേശം പൂർത്തിയായിട്ടുണ്ട്. ഡിസൈൻ ലഭിച്ചാലുടൻ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. താൽക്കാലിക ചിറയുടെ പണി ഡിസംബർ 25-ന് മുമ്പായി തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതു കൊണ്ട് ഇത്തവണ ഉപ്പുവെള്ളം കയറുന്ന ഭീഷണി ഒഴിവാക്കാൻ കഴിയും .

**പ്രീ പ്രൈമറി അദ്ധ്യാപകർക്ക് ഓണറേറിയം**

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതേ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട പി.സി. വിഷ്ണുനാഥും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. വി.എസ്. സുനിൽ കുമാർ: സർ, യഥാർത്ഥത്തിൽ നമ്മുടെ സർക്കാർ സ്കൂളുകൾ നിലനിർത്തിക്കൊണ്ട് പോകുന്നത് പ്രീ പ്രൈമറി പഠിപ്പിക്കുന്ന അദ്ധ്യാപകരാണ്. ഈ അദ്ധ്യാപികമാർക്ക് വളരെ തുച്ഛമായ വേതനമാണ് നൽകിക്കൊണ്ടിരുന്നത്. എന്നാൽ വേതനവുമായി ബന്ധപ്പെട്ട് അവർ ഹൈക്കോതിയെ സമീപിക്കുകയും അവർക്ക് വേതനം നൽകണമെന്ന് ഹൈക്കോടതി പറയുകയും അതിനെതിരെ ഗവൺമെന്റ് അപ്പീൽ പോകുകയും ചെയ്തു. സുപ്രീംകോടതി വരെ പോയതിന്റെ ഫലമായിട്ടാണ് 5,000 രൂപ ടീച്ചർമാർക്കും 3,500 രൂപ ആയമാർക്കും നൽകാൻ തീരുമാനിച്ചത്. ക്വാളിഫൈഡായിട്ടുള്ള അദ്ധ്യാപികമാരുടെ ലിസ്റ്റ് പ്രസിദ്ധീകരിച്ചപ്പോൾ 1963-65-ലെ സർക്കാർ അംഗീകരിച്ച ഇന്ത്യൻ കൗൺസിൽ ഫോർ ചൈൽഡ് വെൽഫയർ നടത്തുന്ന ബാലസേവിക കോഴ്സ് പാസ്സായിട്ടുള്ള 25-ഉം 30-ഉം വർഷത്തെ പ്രവൃത്തി പരിചയമുള്ള അദ്ധ്യാപികമാരെ ഒഴിവാക്കിയിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ അംഗീകാരമുള്ള ഈ കോഴ്സ് എന്തിനാണ് ഒഴിവാക്കിയതെന്ന് അറിയില്ല. ഈ കേസുമായി ബന്ധപ്പെട്ടുകൊണ്ട് സർക്കാരിനെതിരെ കേസ് കൊടുത്ത അദ്ധ്യാപികമാർക്കെതിരെ പ്രതികാര നടപടി പോലെയാണ് ഇത്തരത്തിൽ ചെയ്തിരി

ക്കുന്നത്. ഒരു സർക്കാരിന് ഒരിക്കലും പ്രതികാരമുണ്ടാകാൻ പാടില്ല. ഉദ്യോഗസ്ഥന്മാരുടെ അല്ലെങ്കിൽ ജീവനക്കാരുടെ അവകാശങ്ങൾക്കു വേണ്ടി കോടതിയിൽ പോയാൽ അങ്ങനെ പോകുന്നവരോട് സർക്കാർ പ്രതികാരം നടത്തുന്നതുപോലെയാണ് ഇപ്പോൾ ബാലസേവിക ഉൾപ്പെടെയുള്ള കോഴ്സ് പാസ്സായ ആളുകളെ ഒഴിവാക്കിയിരിക്കുന്നത്. പബ്ളിക് സർവ്വീസ് കമ്മീഷൻ ഇവരുടെ ക്വാളിഫിക്കേഷനായി അംഗീകരിച്ച കോഴ്സാണ് ബാലസേവിക കോഴ്സ്. ഈ ബാലസേവിക കോഴ്സ് പാസ്സായി പി.എസ്.സി. മുഖാന്തിരം അംഗീകാരം ലഭിച്ച് പരീക്ഷ എഴുതി പാസ്സായ ആളുകൾ ഇന്ന് ജോലി ചെയ്തുകൊണ്ടിരിക്കുകയാണ്. പുതിയ ടെസ്റ്റ് നടത്തിയപ്പോഴും ഇതേ ആളുകളെത്തന്നെ അംഗീകരിച്ചുകൊണ്ടുള്ള പി.എസ്.സി.-യുടെ അംഗീകാരം ലഭിച്ചിരിക്കുകയാണ്. 1963-ൽ സർക്കാർ ഇറക്കിയിരിക്കുന്ന ഓർഡറിൽ ബാലസേവിക കോഴ്സ് അംഗീകരിച്ചിട്ടുണ്ട്. പക്ഷെ ഇപ്പോൾ ഗവൺമെന്റ് ഇറക്കിയിരിക്കുന്ന ലിസ്റ്റിൽ ബാലസേവിക ഉൾപ്പെടെയുള്ള കോഴ്സുകൾ പഠിച്ച ആളുകളുടെ അംഗീകാരം റദ്ദാക്കിയിരിക്കുകയാണ്; അതുപോലെ താൽപര്യമുള്ള ചില സ്ഥാപനങ്ങളുടെ കോഴ്സുകൾ മാത്രം അംഗീകരിക്കുകയും ചെയ്തിരിക്കുകയാണ്. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്ന ആയമാർക്കും ടീച്ചർമാർക്കും ഇപ്പോൾ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന ഓണറേറിയം എല്ലാവർക്കും ലഭിക്കത്തക്ക വിധത്തിലാക്കണം. വളരെ തുച്ഛമായ വരുമാനമാണെങ്കിലും ഈ മേഖല

യിൽ സേവനം ചെയ്തുകൊണ്ടിക്കുന്ന അദ്ധ്യാപികമാരോട് ഇത്തരത്തിൽ വിവേചനം കാണിക്കുന്നത് മനുഷ്യത്വരഹിതമായ കാര്യമാണ്. ആയതിനാൽ അവർക്കെല്ലാവർക്കും ഒരുപോലെ വേതനം നൽകുന്നതിനുവേണ്ടിയുള്ള ഉത്തരവ് ഗവൺമെന്റ് ഇറക്കണം, പ്രത്യേകിച്ച് ബാലസേവിക കോഴ്സ് പാസ്സായ അദ്ധ്യാപികമാരെ നിർബന്ധമായും ആ ലിസ്റ്റിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, 5-7-1988-ലെ സർക്കാർ ഉത്തരവ് നമ്പർ 2453/88 പൊതു വിദ്യാഭ്യാസ വകുപ്പ് പ്രകാരമാണ് സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.ടി.എ.-യുടെ നേതൃത്വത്തിൻകീഴിൽ പ്രീ പ്രൈമറി ക്ലാസുകൾ തുടങ്ങുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിച്ചത്. ഈ ഉത്തരവിൽ എസ്.എസ്.എൽ.സി-യും സർക്കാർ അംഗീകൃത പി.പി.ടി.ഐ.-കളിൽ നിന്നുള്ള പ്രീ പ്രൈമറി ടീച്ചർ സർട്ടിഫിക്കറ്റുമാണ് അംഗീകൃത യോഗ്യതയായി നിശ്ചയിച്ചിരുന്നത്. എന്നാൽ വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്രീ പ്രൈമറി ടീച്ചർ ട്രെയിനിംഗ് കോഴ്സ് എൻ.സി.ടി.ഇ. നിർദ്ദേശപ്രകാരം 2005-മുതൽ രണ്ട് വർഷം ദൈർഘ്യമുള്ളതായി മാറ്റുകയും അതനുസരിച്ച് പാഠ്യപദ്ധതിയിൽ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ശിശുക്ഷേമ സമിതികൾ നടത്തുന്ന ഒരു വർഷത്തെ ബാലസേവിക കോഴ്സ് പാസ്സാ

യതും പി.ടി.എ.-കൾ നടത്തുന്ന പ്രീ-പ്രൈമറി ക്ലാസ്സുകളിൽ ജോലി നോക്കുന്നവരുമായ അദ്ധ്യാപികമാർ ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ച വേതന വർദ്ധനവ് തങ്ങൾക്കും ബാധകമാക്കണമെന്ന് അഭ്യർത്ഥിച്ച് സർക്കാരിൽ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ബാലസേവിക കോഴ്സ് നഴ്സറി ടീച്ചർ തസ്തികയിലേയ്ക്കുള്ള അംഗീകൃത യോഗ്യത യായി പി.എസ്.സി. അംഗീകരിച്ചിട്ടുണ്ട്. എൻ.സി.ടി.ഇ. നിർദ്ദേശം വരു ന്നതിനുമുമ്പ് വിദ്യാഭ്യാസ വകുപ്പ് അംഗീകരിച്ച പി.പി.ടി.ഐ.-കൾ നട ത്തുന്ന പ്രീ-പ്രൈമറി ട്രെയിനിംഗിന്റേയും ബാലസേവിക കോഴ്സി ന്റേയും കാലാവധി ഒരു വർഷം തന്നെയായിരുന്നു. പക്ഷേ ഇപ്പോൾ രണ്ട് വർഷമാക്കിയതാണ് പ്രശ്നം. ഗവൺമെന്റ് അംഗീകൃത സ്ഥാപന ങ്ങളിൽ പഠിച്ചവർക്ക് മാത്രം നൽകിയാൽ മതിയെന്ന് കോടതി നിഷ്കർഷിച്ചിരുന്നു. അതുകൊണ്ടാണ് അവർക്ക് മാത്രം നൽകിയത്. ബാക്കി കാര്യങ്ങൾ ഗവൺമെന്റ് വിശദമായി പരിശോധിക്കുകയും യുക്തമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്യും.

മേപ്പാടി പോളിടെക്നിക്കിൽ ജീവനക്കാരുടെ നിയമനം

ശ്രീ. എം.വി. ശ്രേയാംസ് കുമാർ: സർ, 1999-ൽ വയനാട്ടിൽ ആരംഭിച്ച മേപ്പാടി പോളിടെക്നിക്കിന്റെ ദയനീയാവസ്ഥയാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. മുമ്പും ഇക്കാര്യം ഞാൻ സഭയിൽ ഉന്നയിച്ചതാണ്. കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്, കമ്പ്യൂട്ടർ ഹാർഡ് വെയർ മെയിന്റനൻസ്, ഇലക്ട്രോണിക്സ് എന്നീ മൂന്ന് വിഭാഗങ്ങളിലുള്ള 500 -ഓളം വിദ്യാർത്ഥികളാണ് അവിടെ പഠിച്ചുകൊണ്ടിരിക്കുന്നത്. എ.ഐ. സി.ടി. നോംസ് പ്രകാരം അവിടെ 47 അദ്ധ്യാപകരാണ് വേണ്ടത്. 18 സ്ഥിരം അദ്ധ്യാപകർ മാത്രമേ ഇപ്പോൾ അവിടെയുള്ളൂ. ഹെഡ് ഓഫ് സെക്ഷൻ, ലക്ച്ചറർ, ഡെമോൺസ്ട്രേറ്റർ, ട്രേഡ് ഇൻസ്ട്രക്ടർ തുടങ്ങിയ തസ്തികകളെല്ലാം ഒഴിഞ്ഞ് കിടക്കുകയാണ്. ഈ സാഹചര്യത്തിലാണ് ട്രേഡ് ഇൻസ്പെക്ടറുടെ തസ്തികയിലുള്ള ഒരു അദ്ധ്യാപകനെ കായംകുളത്തെ വനിതാ പോളിടെക്നിക്കിലേയ്ക്ക് മാറ്റിയത്. ഇന്ന് സെമിസ്കിൽഡായ ആൾക്കാർക്കുള്ള സ്കോപ്പ് വളരെ വലുതാണ്. കേരളത്തിൽ മാത്രമല്ല, ലോകത്തിൽ എല്ലാ സ്ഥലത്തും ഐ.ടി. ഐ.-യിലും പോളിടെക്നിക്കിലും പഠിച്ച വിദ്യാർത്ഥികൾക്ക് വളരെയധികം സാധ്യതകളാണുള്ളത്. വയനാട് പിന്നോക്ക ജില്ല ആയതിനാൽ ഒഴിവ് വരുന്ന തസ്തികകളിലേയ്ക്ക് ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കാൻ പ്രയാസമാണ്. മലയോര ജില്ലയിലെ സാധാരണക്കാരായ കുട്ടികളാണ് അവിടെ പഠിച്ചുകൊണ്ടിരിക്കുന്നത്. ഇവർ ഈ സംവിധാ

നത്തിൽ വിശ്വസിച്ചുകൊണ്ടാണ് അവിടെ പഠനത്തിന് ചേർന്നിട്ടുള്ളത്. അദ്ധ്യാപകരില്ലാത്തതിനാൽ ഇവരുടെ പഠന രീതിതന്നെ അലങ്കോലപ്പെട്ട് കിടക്കുകയാണ്. യഥാർത്ഥത്തിൽ ഇവരോട് വഞ്ചനയാണ് നമ്മൾ കാണിക്കുന്നത്. മാത്രമല്ല, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 17 കോടി രൂപയുടെ മാസ്റ്റർ പ്ലാൻ അംഗീകരിക്കുകയും അതിൽ 11 കോടി രൂപയുടെ വർക്ക് അവിടെ നടന്നുകൊണ്ടിരിക്കുകയുമാണ്. അത്രത്തോളം സൗകര്യങ്ങളുണ്ടെങ്കിലും അദ്ധ്യാപകരില്ലാത്തതിനാൽ അവിടത്തെ കുട്ടികൾ വളരെ പ്രയാസത്തിലാണ്. അടിയന്തിരമായി അദ്ധ്യാപക തസ്തികകൾ ഫിൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, വയനാട് ജില്ലയിലെ മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിൽ എ.ഐ.സി.ടി.ഇ നോംസ് അനുസരിച്ചുള്ള തസിതികളില്ലായെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ നിലവിലുള്ള ചില തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നു എന്നുള്ളതും വസ്തുതയാണ്. ഈ പോളിടെക്നിക്കിലെ ഇലക്ട്രോണിക്സ്, കമ്പ്യൂട്ടർ ബ്രാഞ്ചുകളിൽ ഒഴിഞ്ഞു കിടക്കുന്ന ലക്ചർ തസ്തിക നികത്തുന്നതിലേയ്ക്കായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിഞ്ഞുകിടക്കുന്ന ഹെഡ് ഓഫ് സെക്ഷൻ തസ്തിക പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി സംവരണം ചെയ്തിട്ടുള്ളതാണ്. എന്നാൽ ഇത് നികത്തുന്നതിന് യോഗ്യരായ ഉദ്യോഗാർത്ഥി

കളെ ലഭിച്ചിട്ടില്ല. ഫോർമാൻ, ട്രേഡ് ഇൻസ്ട്രക്ടർ, ഡെമോൺസ്ട്രേറ്റർ എന്നീ വിഭാഗങ്ങളിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. ലക്ചറർ വിഭാഗത്തിൽ പി.എസ്.സി. നിയമനം നടത്തുന്നതുവരെ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാൻ നടപടി സ്വീകരിച്ചെങ്കിലും യോഗ്യരായ ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത സ്ഥിതിയാണുള്ളത്. മാനുഷികപരമായ കാരണങ്ങളാൽ ട്രേഡ് ഇൻസ്ട്രക്ടർ-കമ്പ്യൂട്ടർ വിഭാഗത്തിലെ ഒരു തസ്തിക കായംകുളം വനിതാ പോളിടെക്നിക്കിലേയ്ക്ക് ആറ് മാസത്തേയ്ക്ക് താൽക്കാലികമായി ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് ഈ തസ്തിക മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിൽത്തന്നെ റീ ഷിഫ്റ്റ് ചെയ്യുന്നതാണ്. എ.ഐ.സി.ടി.ഇ നോംസ് അനുസരിച്ചുള്ള തസ്തികകൾ മേപ്പാടി ഗവൺമെന്റ് പോളിടെക്നിക്കിൽ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

**എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യം**

(ശ്രീ. ഹൈബി ഈഡൻ): സർ, ശ്രീ. എ.കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയായിരിക്കുന്ന സമയത്താണ് വ്യാപകമായി സ്വാശ്രയ കോളേജുകൾക്ക് അനുമതി നൽകിയത്. ആ സ്വാശ്രയ കോളേജുകൾ തുങ്ങിയപ്പോഴുണ്ടായിരുന്ന ഒരു ലക്ഷ്യം സാമൂഹ്യനീതി ഉറപ്പുവരുത്തണമെന്നുള്ളതായിരുന്നു. അങ്ങനെയാണ് എല്ലാ സംവരണ തത്വങ്ങളും പാലിക്കുമെന്നും എസ്.സി./എസ്.ടി. വിദ്യാർത്ഥികളുടെ ഫീസ് ഗവൺമെന്റ് നൽകുമെന്നുമുള്ള ധാരണയുണ്ടായത്. എഞ്ചിനീയറിംഗ് - മെഡിക്കൽ കോളേജുകളിൽ മാത്രമല്ല, കഴിഞ്ഞ വർഷംവരെ എറണാകുളം ജില്ലയിൽ ബി.ബി.എ., ബി.സി.എ. പോലുള്ള കോഴ്സുകൾ പഠിക്കുമ്പോൾ ആ കോഴ്സിന്റെ ഫീസ് എസ്.സി. ഡിപ്പാർട്ടുമെന്റാണ് നൽകിയിരുന്നത്. എന്നാൽ ഈ വർഷം മുതൽ ആ ഫീസ് നൽകുകയില്ലെന്നാണ് എസ്.സി. ഡിപ്പാർട്ടുമെന്റ് പറയുന്നത്. അഡ്മിഷൻ നേടിയ സമയത്ത് നൽകുമെന്നും പിന്നീട് അത് നൽകുകയില്ലായെന്നും പറയുന്നത് വലിയ പ്രതിസന്ധി സൃഷ്ടിച്ചിരിക്കുകയാണ്. മെറിറ്റിൽ അഡ്മിഷൻ ലഭിക്കുന്ന വിദ്യാർത്ഥികൾക്കെങ്കിലും ഈ ആനുകൂല്യം നൽകണമെന്നാണ് ഉന്നിയക്കാനുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ ഒരു ഉത്തരവിൽ പറയുന്നത്, Division Bench of Kerala High Court has directed that the students belonging to the SC/ST and Other Eligible Communities studying

in the self-financing institutions should be extended all concessions available to these communities irrespective of whether they are admitted on merit quota or management quota. എന്നാണ്. ഈ വിധി നിലനിൽക്കെ എസ്.സി. ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്ന്, ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് സാമൂഹിക നീതി ഉറപ്പുവരുത്തുന്ന തിന്റെ ഭാഗമായി ഈ കുട്ടികൾക്ക് ഫീസ് കൊടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, നില വിലുള്ള ഉത്തരവുപ്രകാരം സ്വകാര്യ അൺ-എയ്ഡഡ് സ്ഥാപനങ്ങ ളിലെ പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്നവർക്ക് യാതൊരുവിധ ആനുകൂല്യങ്ങളും നൽകുന്നതല്ല. എന്നാൽ പ്രീ-മെട്രിക് തലത്തിൽ അംഗീകൃത അൺഎയ്ഡഡ് സ്കൂളിൽ സർക്കാർ അംഗീകരിച്ച ലംപ്സം ഗ്രാന്റും ട്യൂഷൻ ഫീസും സ്പെഷ്യൽ ഫീസും നൽകിവരു ന്നുണ്ട്. യൂണിവേഴ്സിറ്റികൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ (എയ്ഡഡ്) എന്നിവയിലെ അൺ എയ്ഡഡ് കോഴ്സുകൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള ആനുകൂല്യം അനുവദിക്കുന്നുണ്ട്. ഗവൺമെന്റ് അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങ ളിലെ സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ, സ്റ്റേറ്റ് സിലബസ് പ്രീ-മെട്രിക്

പഠനത്തിന് കാലാകാലങ്ങളിൽ പൊതു വിദ്യാഭ്യാസ വകുപ്പ് നിശ്ച യിക്കുന്ന ഫീസ് നൽകിവരുന്നുണ്ട്. പ്രൊഫഷണൽ കോഴ്സുകൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്ന് പ്രവേശനം നേടുന്നവർക്കും ഡി.എം.ഇ. ഡി.എച്ച്.എസ്. നഴ്സിംഗ് കൗൺസിൽ തുടങ്ങിയ സർക്കാർ അംഗീകൃത ഏജൻസികൾ തയ്യാറാ ക്കിയ റാങ്ക് ലിസ്റ്റിൽ നിന്നും അംഗീകൃത സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ/ഒ.ഇ.സി. വിദ്യാർത്ഥികൾക്ക് സർക്കാർ/സർക്കാർ ഏജൻസി/യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന ഫീസ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്. സി.എ.റ്റി, എം.എ.റ്റി, ജെ.എം.ഇ.റ്റി, എ.ടി.എം.എ. തുടങ്ങിയ അഖിലേന്ത്യാ പ്രവേശന പരീക്ഷ വഴി സ്വാശ്രയ സ്ഥാപന ങ്ങളിൽ പ്രവേശനം നേടുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥി കൾക്ക് സർക്കാർ യൂണിവേഴ്സിറ്റി അംഗീകരിച്ച ഫീസും മറ്റ് ആനുകൂ ല്യങ്ങളും നൽകിവരുന്നുണ്ട്. എന്നാൽ മാനേജ്മെന്റ് /പ്രിവി ലേജ്/എൻ.ആർ.ഐ. ക്വാട്ടയിൽ പ്രവേശനം നേടുന്ന പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകാൻ നിലവിലെ ഉത്തരവുപ്രകാരം വ്യവസ്ഥയില്ല. എന്നാൽ സർക്കാർ നിയ ന്ത്രിത അംഗീകൃത എയ്ഡഡ് സ്ഥാപനങ്ങളിലെ എയ്ഡഡ് കോഴ്സുക ളിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് അർഹ വിഭാഗം വിദ്യാർത്ഥികൾക്ക് മെറിറ്റ് റിസർവേഷൻ മാനേജുമെന്റ് ക്വാട്ട മാനദ

ണ്ഡങ്ങൾ പരിഗണിക്കാതെതന്നെ നിലവിലുള്ള ആനുകൂല്യം നൽകിവരുന്നുണ്ട്. മെറിറ്റ് / മാനേജുമെന്റ് ക്വാട്ട വ്യത്യാസം ഇല്ലാതെയും എൻട്രൻസ് കമ്മീഷണർ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രവേശനം നേടിയിരിക്കണമെന്നുള്ള നിബന്ധനയില്ലാതെയും സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി /പട്ടികവർഗ്ഗ/മറ്റർഹ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകണമെന്നാണ് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ്. ഈ വിധി നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പും വിദ്യാഭ്യാസ വകുപ്പും സംയുക്തമായി ആലോചിച്ച് ആ കാര്യങ്ങൾ പരിശോധിക്കുന്നതാണ്.

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, സെൽഫ് ഫിനാൻസിംഗ് കോളേജുകളിൽ എം.ബി.ബി.എസ്., എഞ്ചിനീയറിംഗ്, ബി.എസ്.സി. നഴ്സിംഗ് തുടങ്ങിയ കോഴ്സുകൾക്ക് മെറിറ്റ് ക്വാട്ടയി ലൂടെ സീറ്റ് ലഭ്യമാകുന്ന കുട്ടികൾക്ക് എസ്.സി. ഡിപ്പാർട്ടുമെന്റ് ആനുകൂല്യം കൊടുക്കുന്നുണ്ട്. അങ്ങനെ അല്ലാതെയുള്ള കുട്ടി കൾക്കും ഈ ആനുകൂല്യം വേണമെന്നുള്ള കാര്യമാണ് ബഹുമാന പ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. 2010-ൽ കഴിഞ്ഞ ഗവൺമെന്റ് ഇറ ക്കിയ ഒരു ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള

കോഴ്സുകൾക്ക് കൊടുത്തുകൊണ്ടിരുന്ന ആനുകൂല്യം നിർത്തിവച്ചത്. ഓരോ വർഷവും പുതിയ കോഴ്സുകളും പുതിയ ഇൻസ്റ്റിറ്റ്യൂഷനുകളും വരുന്ന സാഹചര്യത്തിൽ ഇത്തരം കാര്യങ്ങളിൽ വിശദമായൊരു ചർച്ച ആവശ്യമാണ്. ഗവൺമെന്റ് ഇക്കാര്യങ്ങളെക്കുറിച്ച് വളരെ പോസിറ്റീവായിത്തന്നെ ആലോചിക്കും. ഇതുമായി ബന്ധപ്പെട്ട് ചർച്ച നടത്തി ഇത്തരം കുട്ടികൾക്കുവേണ്ടി നൽകാൻ പറ്റുന്ന പരമാവധി ആനുകൂല്യങ്ങൾ നൽകുന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

**എസ്.എസ്.എ, ഐ.ഇ.ഡി.സി. അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ**

ശ്രീ. ജോസഫ് വാഴക്കൻ: സർ, കേരളത്തിലെ സർക്കാർ എയ്ഡഡ് മേഖലയിലെ സ്കൂളുകളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന, ബുദ്ധിമാന്ദ്യം, മന്ദത, ശാരീരിക വൈകല്യം, ബധിരത, ഓട്ടിസം, പഠന വൈകല്യം എന്നിവ ബാധിച്ച കുട്ടികൾക്കുവേണ്ടി വിദ്യാലയങ്ങളിലും വീടുകളിലുമെത്തി പ്രത്യേക പരിശീലനം നൽകി പഠിപ്പിക്കുകയും അവർക്കുവേണ്ടി മെഡിക്കൽ ക്യാമ്പ്, ഉപകരണ വിതരണം, പരിഹാരബോധന ക്ലാസുകൾ, അധ്യാപക പരിശീലനം, ചികിത്സാ സഹായം, രക്ഷിതാക്കൾക്ക് പരിശീലനം എന്നിങ്ങനെ നിരവധി സഹായങ്ങൾ ചെയ്തുവരുന്ന കേരളത്തിലെ റിസോഴ്സ് അദ്ധ്യാപകർ അവരുടെ ഭാവിയെക്കുറിച്ച് ഇന്ന് ആശങ്കാകുലരാണ്. ഏതാണ്ട് 2100 രൂപ ശമ്പളത്തിൽ ജോലിചെയ്ത് തുടങ്ങിയ ഇവർക്ക് എസ്.എസ്.എ. വഴി വെറും 10000 രൂപ മാത്രമാണ് ലഭിക്കുന്നത്. വൈകല്യങ്ങളുള്ള കുട്ടികളെ പരിശീലിപ്പിക്കുന്നതിനുള്ള പ്രത്യേക പരിശീലനം ലഭിച്ചിട്ടുള്ള ഇവർ വീടുകളിലും സ്കൂളുകളിലും സന്ദർശിച്ച് നിരവധി കുട്ടികളെ വെളിച്ചത്തിലേയ്ക്ക് കൈപിടിച്ച് നടത്തുന്നവരാണ്. എന്നാൽ തുച്ഛമായ ശമ്പളവും ജോലിസ്ഥിരതയില്ലായ്മയും ഇവരുടെ ജീവിതം ദു:സ്സഹമാക്കുകയാണ്. കേന്ദ്രഗവൺമെന്റ് ആവിഷ്ക്കരിച്ച ദേശീയ വിദ്യാഭ്യാസ അവകാശ നിയമമനുസരിച്ച് കേരളത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലക്ഷക്കണക്കിന് വികലാംഗരായ വിദ്യാർത്ഥി

കളെ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഈ കുട്ടികളുടെ വിദ്യാഭ്യാസപരവും സാമൂഹികപരവുമായ പുരോഗതിക്ക് റിസോഴ്സ് അദ്ധ്യാപകരുടെ സേവനങ്ങൾ അനിവാര്യമാണ്. എന്നാൽ എസ്.എസ്.എ.-യുടെ പ്രവർത്തനങ്ങൾ അവസാനിക്കുന്നതോടുകൂടി ഈ കുട്ടികളുടെ ഭാവി ഇരുളടയുമെന്ന് അവരുടെ രക്ഷിതാക്കളും ആശങ്കപ്പെടുകയാണ്. ആയതിനാൽ റിസോഴ്സ് അദ്ധ്യാപകരായി എസ്.എസ്.എ.-യിൽ പ്രവർത്തിക്കുന്നവരുടെ നിലവിലുള്ള സേവന-വേതന വ്യവസ്ഥകൾ ഉദാരമാക്കുന്നതിനും നിലവിൽ ജോലിചെയ്തുവരുന്ന ആയിരത്തോളം റിസോഴ്സ് അധ്യാപകരുടെ ജോലി സ്ഥിരപ്പെടുത്തുന്നതിനും വേണ്ടി സർക്കാരിന്റെ സത്വരമയ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, സർവ്വശിക്ഷാ അഭിയാന്റെ സംയോജിത വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് പതിനാല് ജില്ലകളിലായി 1459 റിസോഴ്സ് അധ്യാപകർ കരാർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത റിസോഴ്സ് അധ്യാപകർക്ക് പ്രതിമാസം പതിനായിരം രൂപ ഓണറേറിയവും പരമാവധി 500 രൂപ വരെ യാത്രാപ്പടിയും 2012 ഏപ്രിൽ മുതൽ നൽകിവരുന്നു. നിലവിലുള്ള കരാർ കാലാവധി 2012 ഏപ്രിൽ മുതൽ 2013 മാർച്ച് 31 വരെയാണ്. തൃപ്തികരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന റിസോഴ്സ് അധ്യാപകർക്ക് തുടർന്നുള്ള ഒരു വർഷത്തേയ്ക്ക്

കരാർ പുതുക്കി നൽകിവരുന്നു. മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ നിലവിലുള്ള മാർഗ്ഗരേഖപ്രകാരം എസ്.എസ്.എ.-യിലെ നിയമനങ്ങൾ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലോ കരാർ അടിസ്ഥാനത്തിലോ മാത്രമേ നടത്താൻ പാടുള്ളൂ. അതിനാൽ സ്ഥിരനിയമനം പരിഗണിക്കുവാൻ നിർവ്വാഹമില്ല. പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഐ.ഇ.ഡി.എസ്.എസ്. (Inclusive Education for the Disabled at Secondary Stage)-ന്റെ സർക്കാർ- സർക്കാർ എയ്ഡഡ് വിദ്യാലയങ്ങളിൽ പഠിക്കുന്ന പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ സഹായിക്കുന്നതിന് റിസോഴ്സ് അധ്യാപകരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഭാരത സർക്കാരിന്റെ മാനവ വിഭവശേഷി മന്ത്രാലയം നിഷ്ക്കർഷിക്കുന്ന നിശ്ചിത യോഗ്യതയുള്ളവർക്കാണ് നിയമനം നൽകുന്നത്. പ്രതിമാസം 11620 രൂപ ശമ്പളവും എം.എച്ച്.ആർ.ഡി. നിഷ്ക്കർഷിക്കുന്ന പൂർണ്ണയോഗ്യതയുള്ളവർക്ക് അധികമായി 400 രൂപ സ്പെഷ്യൽ അലവൻസുമാണ് റിസോഴ്സ് അധ്യാപകർക്ക് നൽകുന്നത്. റിസോഴ്സ് അധ്യാപകരുടെ ശമ്പളം 14620 രൂപയായി വർദ്ധപ്പിക്കാനുള്ള പ്രൊപ്പോസൽ എം.എച്ച്.ആർ.ഡി.-ക്ക് സമർപ്പിച്ചിട്ടുണ്ട്. 18-10-2012-ന് ഡൽഹിയിൽ വച്ച് നടന്ന എം.എച്ച്.ആർ.ഡി. മീറ്റിംഗിൽ പ്രസ്തുത തുക 2012 ഏപ്രിൽ മുതൽ 14620 രൂപയായി വർദ്ധിപ്പിച്ചു നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഉത്തരവ് നൽകുന്ന

മുറയ്ക്ക് പുതുക്കിയ ശമ്പളം നൽകുന്നതാണ്. ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയിൻകീഴിൽ നിയമിതരായ റിസോഴ്സ് അധ്യാപകരുടെ ശമ്പളവും മറ്റാനുകൂല്യങ്ങളും പൂർണ്ണമായും കേന്ദ്ര ഫണ്ടുപയോഗിച്ചാണ് നടപ്പിലാക്കുന്നത്.

## ഐ.എച്ച്.ആർ.ഡി.ക്ക് സർവ്വകലാശാല പദവി

ശ്രീ. ആർ. സെൽവരാജ്: സർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റിനെ യൂണിവേഴ്സിറ്റി പദവിയിലേയ്ക്ക് ഉയർത്തണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഐ.എച്ച്.ആർ.ഡി.-ക്ക് സർവ്വകലാശാല പദവി നൽകുന്നതുസംബന്ധിച്ച് 1994 -ൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ അന്നത്തെ ചെയർമാനായിരുന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് നേരിട്ട് ഒരു നോട്ട് നൽകിയിരുന്നു. 1994-95 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ ഐ.എച്ച്.ആർ.ഡി.-ക്ക് സർവ്വകലാശാല പദവി നൽകുന്നതു സംബന്ധിച്ച് പ്രഖ്യാപനവുമുണ്ടായിരുന്നു. ഐ.എച്ച്.ആർ.ഡി. യൂണിവേഴ്സിറ്റിയാക്കുന്നത് സംബന്ധിച്ചുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി ശ്രീ.വി. രാമചന്ദ്രൻ വൈസ് ചെയർമാനും ഡയറക്ടർ കൺവീനറുമായി ഒരു സമിതി രൂപീകരിക്കുകയും 1995-ൽത്തന്നെ ആ സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. യൂണിവേഴ്സിറ്റിയായി ഉയർത്താൻ ശുപാർശചെയ്തുകൊണ്ടുള്ളതായിരുന്നു പ്രസ്തുത റിപ്പോർട്ട്. സെക്കണ്ടറിതലം മുതൽ ഡോക്ടറേറ്റ് തലം വരെ പൂർണ്ണമായും അക്കാഡമിക് സ്വാതന്ത്ര്യമുള്ള യൂണിവേഴ്സിറ്റിയാക്കുക എന്നതായിരുന്നു റിപ്പോർട്ടിലെ രത്നച്ചുരുക്കം. മുഖ്യമന്ത്രി ചെയർമാനായുള്ള ഒരു ജനറൽ കൗൺസിലിന്റെ കീഴിലായിരിക്കും ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം. നിയമവകുപ്പിന്റേയും ധനകാര്യ വകുപ്പിന്റേയും അഭിപ്രായം ആരായുന്നതിനു

വേണ്ടി അന്ന് ഈ റിപ്പോർട്ട് അയയ്ക്കുകയും ഒരു കരട് ബിൽ തയ്യാറാക്കുന്നതിന് തീരുമാനിക്കുകയുമുണ്ടായി. ഒൻപത് എഞ്ചിനീയറിംഗ് കോളേജുകളും 42 അപ്ലൈഡ് സയൻസ് കോളേജുകളും 8 പോളിടെക്നിക്ക് കോളേജുകളും 21 ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളും ആറ് എക്സ്റ്റെൻഷൻ സെന്ററുകളും രണ്ടുവീതം റീജിയണൽ സെന്റർ ഓഫ് ഐ.എച്ച്.ആർ.ഡി., സ്റ്റഡിസെന്റർ, സ്കിൽ ഡെവലെപ്മെന്റ് സെന്റർ, മോഡൽ ഫിനിഷിംഗ് സ്കൂൾ എന്നിങ്ങനെ നൂറോളം വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള ഐ.എച്ച്.ആർ.ഡി.-ക്ക് സാമ്പത്തിക ഭദ്രത ലഭിക്കുന്നതിനുകൂടി ഉതകുന്നതിനായിരുന്നു സർവ്വകലാശാല പദവി ലഭിക്കുക എന്നുള്ളത്. പുതിയ സ്ഥാപനങ്ങൾ തുടങ്ങാനുള്ള യൂണിവേഴ്സിറ്റി അഫിലിയേഷൻ ഫീസ്, വാർഷിക അഡ്മിനിസ്ട്രേഷൻ ഫീസ്, കോഴ്സുകൾക്കുള്ള വാർഷിക അഫിലിയേഷൻ ഫീസ്, എക്സാമിനേഷൻ ഫീസ് എന്നീ ഇനങ്ങളിൽ വിവിധ സർവ്വകലാശാലകൾക്കായി കോടിക്കണക്കിന് രൂപ വർഷംതോറും ഐ.എച്ച്.ആർ.ഡി നൽകുന്നുണ്ട്. മോഡൽ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നുമാത്രം ഒരു വർഷം 1,38,00,000 രൂപ വിവിധ കോഴ്സുകളുടെ അഫിലിയേഷനുവേണ്ടി നൽകുന്നുണ്ട്. 25 വർഷം പൂർത്തിയാക്കുന്ന ഈ അവസരത്തിൽ ഐ.എച്ച്.ആർ.ഡി.-ക്ക് സർവ്വകലാശാല പദവി നൽകണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ഈ സർവ്വകലാശാല സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലവും പശ്ചാത്തല

സൗകര്യവും നെയ്യാറ്റിൻകര മണ്ഡലത്തിൽ ഏർപ്പെടുത്തിക്കൊടുക്കാമെന്നുള്ള വിവരവും ഗവൺമെന്റിനെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്): സർ, നിലവിൽ നൂറോളം വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തിവരുന്ന ഐ.എച്ച്.ആർ.ഡി.-ക്ക് സർവ്വകലാശാല പദവി നൽകുന്നതുമായി ബന്ധപ്പെട്ട് 1994-95 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് പ്രഖ്യാപനമുണ്ടായിരുന്നു. ഇതുസംബന്ധിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയമിതനായ അഞ്ചംഗ ഉന്നതതല സമിതി ഐ.എച്ച്.ആർ.ഡി.-യെ സെക്കണ്ടറി സ്കൂൾ മുതൽ ഡോക്ടറേറ്റ് തലം വരെ കൈകാര്യം ചെയ്യുന്ന പൂർണ്ണമായും അക്കാഡമിക് സ്വാതന്ത്ര്യമുള്ളതും മുഖ്യമന്ത്രി ചെയർമാനുമായുള്ള ഒരു സർവ്വകലാശാലയായി ഉയർത്തേണ്ടതിന്റെ ആവശ്യകതയുണ്ടെന്ന് ശുപാർശ ചെയ്യുകയുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ ഐ.എച്ച്.ആർ.ഡി.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയോ ഗവേണിംഗ് ബോഡിയോ തുടർ നടപടികളുമായി മുന്നോട്ടു പോയില്ല. ഐ.എച്ച്.ആർ.ഡി.-യെ ഒരു സർവ്വകലാശാലയായി ഉയർത്തുന്ന പക്ഷം നൂതന സാങ്കേതികവിദ്യയിൽ കാലോചിതമായ പുതിയ കോഴ്സുകൾ തുടങ്ങാനും അതുവഴി സാമ്പത്തിക ഭദ്രതനേടാനും സ്വന്തമായി കോഴ്സുകൾ രൂപപ്പെടുത്താനും പല വിദേശസർവ്വകലാശാലകളുമായി

ബന്ധം സ്ഥാപിച്ചെടുക്കാനും സാധിക്കുകയും കേന്ദ്രസർക്കാരിൽ നിന്ന് അടിസ്ഥാനസൗകര്യ വികസനത്തിനും ശമ്പളമിനത്തിലുമായി വിവിധ ഗ്രാന്റുകൾ ലഭിക്കുന്ന സാഹചര്യമുണ്ടാക്കുകയും ചെയ്യുമെന്നാണ് വിലയിരുത്തപ്പെട്ടിരുന്നത്. എന്നാൽ സംസ്ഥാനത്ത് ഉടനെതന്നെ സാങ്കേതിക സർവ്വകലാശാല നിലവിൽ വരുന്ന സാഹചര്യത്തിൽ ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള ഉന്നതനിലവാരം പുലർത്തുന്ന എഞ്ചിനീയറിംഗ് കോളേജുകളും ഈ സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്യപ്പെടും. അപ്പോൾ വേറൊരു സർവ്വകലാശാല രൂപപ്പെടുത്തുന്നതിന്റെ ആവശ്യകത എഞ്ചിനീയറിംഗ് കോളേജുകളെ സംബന്ധിച്ച് ഇല്ലാതാകും. പിന്നെ സർവ്വകലാശാലയിലേയ്ക്ക് ചേർക്കപ്പെടേണ്ടത് ഐ.എച്ച്.ആർ.ഡി. നടത്തുന്ന അപ്ലൈഡ് സയൻസ് കോളേജുകളെയാണ്. ഈ കോളേജുകളുടെ ഇപ്പോഴത്തെ അവസ്ഥ നോക്കിയാൽ അവ സ്വയംഭരണത്തിനോ അക്കാഡമിക് സ്വാതന്ത്ര്യത്തിനോ പര്യാപ്തമായിട്ടില്ല. ഈ സാഹചര്യത്തിൽ ഐ.എച്ച്.ആർ.ഡി.-യെ സാങ്കേതിക തൊഴിലധിഷ്ഠിത വിദ്യാഭ്യാസ മേഖലയിലെ ഒരു സർവ്വകലാശാലയായി രൂപപ്പെടുത്തുന്ന പദ്ധതിക്ക് കാര്യമായ തരത്തിലുള്ള നേട്ടങ്ങളോ പ്രയോജനങ്ങളോ ഉണ്ടാകുമെന്ന് സർക്കാർ കരുതുന്നില്ല.